25 years

Kandanad

Diocesan
BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 7 No. 7, 15 July 2019

എഡിറ്റോറിയൽ

കുട്ടികളെ വളർത്തൽ: കൂടുതൽ ജാഗ്രത ആവശ്യം

''എനിക്ക് മക്കളുണ്ടാകുന്നതിന് മുമ്പ് കുട്ടികളെ വളർത്തുന്നതു സംബന്ധിച്ച് ആറ് സുവർണ്ണ പ്രമാണങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ആറു സന്താനങ്ങൾ പിറന്നു കഴിഞ്ഞപ്പോൾ അത്തരം ഒരു പ്രമാണവും എനിക്കില്ലാതായി''. പ്രശസ്തനായ ഒരു വ്യക്തിയുടെ സ്വയം വിമർശനാത്മകമായ ഈ വെളിപ്പെടുത്തൽ എവിടെയൊ വായിച്ചതോർക്കുന്നു. ശരാശരിയിൽ കുറഞ്ഞ ബുദ്ധിശേഷിയുള്ള പല ദമ്പതികളുടെയും മക്കൾ അതിസമർത്ഥരും ബുദ്ധിയേറിയ ചില ഭാര്യാഭർത്താക്കന്മാരുടെ സന്താനങ്ങൾ മടയരും ശുദ്ധതല്ലിപ്പൊളികളിൽ ചിലരുടെ കുഞ്ഞുങ്ങൾ തികഞ്ഞ സത്സ്വഭാവികളും മാനംമര്യാദകളോടെ കഴിയുന്ന ചില അച്ഛനമ്മമാരുടെ അടുത്ത തലമുറ തനി ആഭാസന്മാരും ആയി വളരുന്നത് നാം കൺമുന്നിൽ കാണാറുണ്ട്. സാധാരണമെന്നു പറഞ്ഞുകൂടെങ്കിലും ഇതൊക്കെ വസ്തുതകളാണ്. ആദ്യത്തെ വിദ്യാലയം ഓരോരുത്തരുടെയും കുടുംബമാണ് എന്നത് സർവ്വാംഗീകൃതമായ കാര്യമാണ്. മാതാപിതാക്കളാണ് കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ ഏറ്റവും ശക്തമായ സ്വാധീനം ചെലുത്തുന്നത് എന്ന പരമാർത്ഥമാണ് ഇത് വ്യക്തമാക്കുന്നത്. എന്നാൽ മാതൃകാപരമായി ജീവിക്കുന്ന ചില ദമ്പതികളുടെ മക്കൾ കുപഥസഞ്ചാരികളായി മാറുന്നത് വിശദീകരണാതീതമായി അവശേഷിക്കുന്നു. അച്ഛനമ്മമാരുടെയും ബന്ധുക്കളുടെയും ഗുരുജനങ്ങളുടെയുമെല്ലാം നിയന്ത്രണശേഷി ക്രമേണ ദുർബ്ബലമാകുകയും തൽസ്ഥാനത്ത് കൂട്ടുകാരുടെയും, സമൂഹത്തിന്റെയും, മാധ്യമങ്ങളുടെയുമൊക്കെ സ്വാധീനം ശക്തമാവുകയും ചെയ്യുന്ന പ്രതിഭാസമാണ് ഇന്ന് കാണുന്നത്.

ഇതെഴുതുമ്പോൾ കുളത്തൂപുഴയിൽ നടന്ന ഒരു സംഭവം സംബന്ധിച്ച് രണ്ടുമൂന്നാഴ്ചകൾക്കു മുമ്പ് പത്രങ്ങളിൽ വന്ന റിപ്പോർട്ടുകളാണ് മനസ്സിൽ നിറഞ്ഞുനിൽക്കുന്നത്. തിരുവനന്തപുരത്തുള്ള ഒരു പതിനാറുകാരി കുളത്തൂപ്പുഴയിലുള്ള ബന്ധുവീട്ടിൽ താമസിച്ച് ''പ്ലസ് ടു'' വിന് പഠിക്കുന്നു. തന്റെ സഹപാഠിയായ ഒരു ചെറുപ്പക്കാരന്റെ ജന്മദിനാഘോഷങ്ങളിൽ പങ്കെടുക്കുവാൻ അവൾ കൂട്ടുകാർക്കൊപ്പമെത്തുന്നു. ആഘോഷപരിപാടികൾ രാത്രിയുടെ മധ്യയാമങ്ങളിലേക്കു നീളുന്നു. ഇതിനിടയിൽ ''ബർത്ത് ഡേ ബേബി'' തന്റെ സഹപാഠിയെ ലൈംഗികമായി ചൂഷണം ചെയ്യുന്നു. അങ്ങനെ ജന്മദിനാഘോഷം സഫലമാകുന്നു. ഇക്കാര്യം മണത്തറിഞ്ഞ് കഥാപുരുഷന്റെ ജ്യേഷ്ഠസഹോദരൻ നായികയെ കുളിമുറിയിൽ വലിച്ചുകയറ്റി ബലാൽസംഗം ചെയ്യുന്നു. അതിന്റെ രംഗങ്ങൾ ക്യാമറയിൽ പകർത്തുവാൻ അയാൾ മറക്കുന്നില്ല. ലൈംഗിക ചൂഷണത്തിനു പിറകെ ധനപരമായ മുതലെടുപ്പിനുള്ള കുടിലതന്ത്രമായിരുന്നു ഇത്. പെൺകുട്ടി എപ്പോൾ, എങ്ങനെ മടങ്ങി എന്നത് റിപ്പോർട്ടുകളിൽ വ്യക്തമല്ല. ചിത്രങ്ങൾ സാമൂഹ്യമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുമെന്ന് ഭീഷണിപ്പെടുത്തി

ഉള്ളടക്കം

പിന്നീട് അയാൾ പെൺകുട്ടിയിൽ നിന്ന് 75000 രൂപ തട്ടിയെടുത്തു. രണ്ടാഴ്ച കഴിഞ്ഞപ്പോൾ വീണ്ടും അയാൾ ഒന്നരലക്ഷത്തിന്റെ ഡിമാന്റ് വച്ചു. ചാരിത്ര്യ നഷ്ടത്തിൽ മാത്രമല്ല, താനൊരു സാമ്പത്തിക ചൂഷണത്തിന്റെ നീരാളിപ്പിടിത്തത്തിലും പെട്ടിരിക്കുകയാണെന്ന് ആ പെൺകുട്ടിക്കപ്പോൾ മനസ്സിലായി. മറ്റൊരു മാർഗ്ഗവും കാണാതെ രക്തം ചോർത്തി ആത്മഹത്യക്കവൾ ശ്രമിക്കുന്നു. പെൺകുട്ടിയെ ചോദ്യം ചെയ്യുന്നതിനിടയിൽ സംഭവങ്ങളുടെ ചുരുൾ അഴിഞ്ഞു. ചെറുപ്പക്കാർ രണ്ടും അറസ്റ്റിലും റിമാന്റിലുമായി.

സ്ത്രീസ്വാതന്ത്ര്യത്തിന്റെയും സ്ത്രീ സമത്വത്തിന്റെയും ഈ നാളുകളിൽ പെൺകുട്ടികളും വനിതകളും ഇത്തരം പീഡനത്തിനും ചൂഷണത്തിനും മുമ്പെന്നത്തേതിലുമധികം ഇരയാകുന്നുണ്ട്. രക്തത്തെ ആകെ കട്ടപിടിപ്പിക്കുവാൻ പോരുന്ന ഇത്തരം ഭീകരസംഭവങ്ങളുടെ എത്രതന്നെ വാർത്തകൾ അറിഞ്ഞാലും അൽപമൊന്നു സൂക്ഷിക്കുവാൻ നമ്മുടെ പെൺകുട്ടികൾ തയ്യാറാകുന്നില്ല. ആരോടൊപ്പവും അവർ ചാടിപുറപ്പെടും. കഴിഞ്ഞ ദിവസം ഒരു പത്താംക്ലാസ്സുകാരി അവളുടെ അമ്മയോട് അസഹിഷ്ണുതയോടെ പറയുകയാണ് "ഞങ്ങളുടെ സ്കൂളിൽ ഒരു പുതിയ നിയമം! ആരും മറ്റൊരാളുടെ ശരീരത്തിൽ പിടിക്കാനോ, ചാരാനോ പാടില്ലപോലും! അങ്ങേയറ്റം പോയാൽ ഒരു ഷേക്ക് ഹാൻഡു കൊടുക്കാം. കെട്ടിപ്പിടുത്തമൊന്നും നടക്കില്ല. ങ്ഹും! ഇതെന്തു നിയമം!." അമ്മയുടെ പ്രതികരണം മൗനമായിരുന്നു. കുളത്തൂപ്പുഴ പോലുള്ള ദൗർഭാഗ്യങ്ങളുടെ തുടക്കം ആ പാവം പെൺകുഞ്ഞുണ്ടോ അറിയുന്നു.?

കുളത്തൂപ്പുഴ സംഭവത്തെ കേന്ദ്രീകരിച്ചാണ് ഈ മുഖക്കുറിപ്പെഴുതുന്നതെങ്കിലും അനുദിനം പുറത്തു വന്നുകൊണ്ടിരിക്കുന്ന ഡസൻ കണക്കിന് സമാന കഥകൾ- ഉന്നതരുടെ മക്കളുടെ ഉൾപ്പെടെ മനസ്സിൽ നിൽക്കുന്നുണ്ട്. മലയാളി യുവത്വത്തിന്റെ ഈ മനോഭാവമാറ്റത്തിന് എന്താണ് കാരണം? ഒത്തിരിഘടകങ്ങൾ ഇതിനു കാരണമായുണ്ട്. സ്ത്രീ സ്വാതന്ത്ര്യത്തോടും സ്ത്രീപുരുഷ സമത്വത്തോടുമുള്ള വിവേകശൂന്യവും വൈകാരികവുമായ അത്യാവേശം, സാമൂഹിക മാറ്റങ്ങൾക്കു വേണ്ടിയുള്ള വെമ്പൽ, സിനിമകൾ, ടി.വി.സീരിയലുകൾ, അടുത്ത കാലത്ത് സാർവ്വലൗകീകമായിത്തീർന്നിട്ടുള്ള മൊബൈൽ ഫോണിന്റെ ദുരുപയോഗം, പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിൽ വന്നിരിക്കുന്ന മാറ്റം, എന്തിന്, മേൽ വിവരിച്ച സംഭവം പോലെയുള്ളവയുടെ വിവരണം വായിക്കുന്നതുവരെ ഇത്തരം ദുഷ്പ്രവണതകൾക്ക് പ്രചോദനമാകുന്നതായിട്ടാണ് അനുഭവം. വൈദികരും, ബിഷപ്പുമാരും, കർദ്ദിനാൾമാരുമടക്കമുള്ള അഭിഷിക്തരുടെ പേരിലുയരുന്ന ലൈംഗികാതിക്രമങ്ങൾ

(ശേഷം 7-ാം പേജിൽ)

മെത്രാപ്പോലീത്തായുടെ കത്ത്

കോടതിവിധി നടപ്പാക്കൽ: സർക്കാരിന് വിവേചനാധികാരം ഇല്ല

മലങ്കര സഭയെ സംബന്ധിച്ച സുപ്രീം കോടതിയുടെ 1995 മുതലുള്ള വിധിന്യായങ്ങൾ കേരളത്തിൽ മാറി മാറി വരുന്ന ഭരണകൂടങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചിട്ടില്ല. പാത്രിയർക്കീസ് കക്ഷിയുടെ താത്പര്യം പരിഗണിച്ച് മിക്കപ്പോഴും അവരുടെ സഹകരണത്തോടെ അവ അട്ടിമറിക്കുകയാണുണ്ടായിട്ടുള്ളത്. വിധിയിൽ അവ്യക്തതയുണ്ട് എന്ന് ആരോപിച്ചായിരുന്നു മുമ്പ് ഇത് ചെയ്തുവന്നത്. 2017 ലെ വിധി തർക്കമുള്ള വിഷയങ്ങൾ എല്ലാം പഠനവിധേയമാക്കി ഓരോ കാര്യത്തിലും വ്യക്തത നൽകികൊണ്ടുള്ളതായിരുന്നു. തർക്കങ്ങൾക്കെല്ലാം തീർപ്പുണ്ടായ സാഹചര്യത്തിൽ പാത്രിയർക്കീസ് വിഭാഗത്തിന് വിധി അംഗീകരിച്ച് ഐക്യപ്പെടാമായിരുന്നു. അതിനുള്ള ഇടപെടലുകൾ ഒരു സഭാശുശ്രൂഷകൻ എന്ന നിലയിൽ ആവും വിധം ഞാൻ നടത്തിയിട്ടുണ്ട്. എന്നാൽ ആ ശ്രമങ്ങളിൽ സഹകരിക്കാൻ ആ കൂട്ടർ തയ്യാറായില്ല. വിധി നടപ്പാക്കുവാനാകട്ടെ സർക്കാർ ശ്രമിച്ചുമില്ല. നിയമപരമായി വിധി നടപ്പാക്കിക്കിട്ടുന്നതിന് ഓർത്തഡോക്സ് സഭ നടത്തിയ നീക്കങ്ങൾ വിദഗ്ദമായി സർക്കാർ ഇടപെടലുകളിലൂടെ തടയുകയും ചെയ്തു. ഈ മാസം രണ്ടാം തീയതി സുപ്രീംകോടതി പുറപ്പെടുവിച്ച ശക്തമായ ആജ്ഞയുടെ അടിസ്ഥാനത്തിലെങ്കിലും സർക്കാർ നയം പുനർ വിചിന്തനം നടത്താൻ തയ്യാറാകുമെന്നു കരുതാം.

കോൺഗ്രസ് നേതൃത്വത്തിലുള്ള കഴിഞ്ഞ സർക്കാരിന്റെ അഴിമതി, ദുർഭരണം, കെടുകാര്യസ്ഥത എന്നിവകൊണ്ട് പൊറുതിമുട്ടിയ കേരള ജനത തുടർന്നുവന്ന തെരഞ്ഞെടുപ്പിൽ ആ ഭരണകൂടത്തെ അധികാരത്തിൽ നിന്നു തൂത്തെറിഞ്ഞു. രാഷ്ട്രീയ സത്യസന്ധത, നീതിബോധം, ദേശസ്നേഹം ഇവയൊന്നും ആ മന്ത്രിസഭയിലുണ്ടായിരുന്ന അധികം പേർക്കും അവകാശപ്പെടാൻ സാധിക്കുമായിരുന്നെന്നു തോന്നുന്നില്ല. ആ ഭരണകൂടം താഴെ വീണ മൺകുടം പോലെ തകർന്നപ്പോൾ കേരള മക്കൾ ആശ്വാസം കൊണ്ടു. ഇച്ഛാശക്തിയുള്ള പിണറായി വിജയൻ എന്ന മാർക്സിസ്റ്റ് നേതാവിന്റെ നേതൃത്വത്തിൽ പുതിയ സർക്കാർ നിലവിൽ വന്നപ്പോൾ അതിനെ അധികാരത്തിലേറ്റിയ ജനതയുടെ പ്രതീക്ഷ വലുതായിരുന്നു.

മലങ്കര സഭ U.D.F സർക്കാരിന്റെ ഭരണത്തിൽ നീതിലഭിക്കാതെ വലയുകയായിരുന്നു. നീതിന്യായകോടതിയിൽ നിന്ന് അടിക്കടി പരാജയം ഏറ്റുവാങ്ങിക്കൊണ്ടിരുന്ന പാത്രിയാർക്കീസ് കക്ഷിക്ക് താങ്ങും തണലുമായി നിന്ന് അതിന്റെ സംരക്ഷണച്ചുമതല അവർ ഏറ്റെടുത്തിരിക്കുകയായിരുന്നു. അതുകൊണ്ട് മുഖ്യമന്ത്രി സ്ഥാനം ഏറ്റ പിണറായി വിജയനി മലങ്കരസഭ രക്ഷകനെ കണ്ടെത്തി! ആവേശം വളർന്ന് സഭാനേതൃത്വം നടത്തിയ പ്രഖ്യാപനം സഭാംഗങ്ങൾക്കിടയിൽ അസ്വസ്ഥത സൃഷ്ടിക്കുവാൻ മാത്രം ഉപകരിച്ചു എന്നല്ലാതെ പിണറായിയുടെ സൗഹൃദം നേടാൻ പ്രയോജനപ്പെട്ടില്ല. ഒരു മതനിരപേക്ഷ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ നിന്ന് നീതി ലഭിക്കുമെന്ന പ്രതീക്ഷയിൽ വോട്ടവകാശം വിനിയോഗിച്ച സാധാരണ ഓർത്തഡോക്സ്കാർക്കും കണക്കു തെറ്റി. തങ്ങൾ ആഗ്രഹിച്ച രീതിയിലുള്ള നീതിയല്ല പ്രത്യുത രാഷ്ട്രീയ ലാഭമാണ് കോടതിവിധിയോടുള്ള പുതിയ സർക്കാരിന്റെ സമീപനത്തിന്റെ മാനദണ്ഡമെന്ന് മനസ്സിലാക്കാൻ അവർക്ക് അധികനാൾ വേണ്ടിവന്നില്ല. സഭാക്കേസിലെ കോടതിവിധികൾ നടപ്പിലാക്കുന്ന കാര്യത്തിൽ തങ്ങൾക്ക് വിവേചനാധികാരം ഉണ്ട് എന്ന മട്ടിലായിരുന്നു പിണറായി സർക്കാരിന്റെ സമീപനം. സുപ്രീം കോടതിയുടെ വിധി രാജ്യത്തെ ഉറപ്പാക്കപ്പെട്ട നിയമമാണ്. അതു നടപ്പാക്കുക മാത്രമാണ് കൃത്യബോധമുള്ള ജനാധിപത്യസർക്കാർ ചെയ്യേണ്ടത്. എന്നാൽ രാഷ്ട്രീയ ലാഭം വരുത്തുന്ന വിധികൾ നടപ്പിലാക്കുകയും നഷ്ടസാധ്യതയുണ്ടെന്നു തോന്നുന്നവ കൗശലപൂർവ്വം അട്ടിമറിക്കുകയുമാണ് പുതിയ സർക്കാരും അവലംബിച്ച തന്ത്രം. ശബരിമലയിലെ സ്ത്രീ പ്രവേശനം സംബന്ധിച്ച വിധി നടപ്പിലാക്കുക വഴി വലിയ രാഷ്ട്രീയ നേട്ടം കൊയ്യാമെന്ന് പിണറായി ചിന്തിച്ചു. മതവിദ്വേഷികളും പുരോഗമന ആശയക്കാരുമായ കമ്മ്യൂണിസ്റ്റുകാരെ ഈ വിധി നടപ്പിലാക്കുകവഴി ആവേശം കൊള്ളിക്കുവാനും യഥാർത്ഥ നവോത്ഥാനക്കാർ തങ്ങളാണെന്ന് സ്ഥാപിക്കുവാനും ഇതുപകരിക്കുമെന്നും അദ്ദേഹം പ്രതീക്ഷിച്ചു. അതുപോലെ തന്നെ കോൺഗ്രസ്സ് ഇതിനെ എതിർക്കാൻ സാധ്യതയുള്ളതുകൊണ്ട്

ആ പാർട്ടിയിലുള്ള പുരോഗമനാശയക്കാർ ഇതുവഴി ഇടതുപക്ഷത്തേക്ക് പ്രവഹിക്കുമെന്നും പിണറായി കണക്കു കൂട്ടി. ഈ വിധി നടപ്പിലാക്കുന്നതിന്റെ മുഴുവൻ നേട്ടവും ഘടകകക്ഷികൾക്കു പോലും പോകാതെ സ്വന്തമാക്കാം എന്നദ്ദേഹം സ്വപ്നം കണ്ടു. അതുകൊണ്ട് ഈ വിഷയം സർക്കാരിന്റെ മറ്റു ഘടക കക്ഷികളുമായി പോലും ചർച്ച ചെയ്തില്ല. അവരുടെ പോലും സഹകരണം തേടാതെ വിധി നടപ്പാക്കുവാൻ തിടുക്കവും വ്യഗ്രതയും കാണിക്കുകയാണുണ്ടായത്. സത്യത്തിൽ ഇതര രാഷ്ട്രീയ കക്ഷികളുടെ ആലോചനയോടും സഹകരണത്തോടും കൂടി ഈ വിധി നടപ്പാക്കാൻ തീരുമാനമെടുത്തിരുന്നെങ്കിൽ തുടർന്നു വന്ന പാർലമെന്റ് തിരഞ്ഞെടുപ്പിൽ L.D.F. ന് ഇത്ര കടുത്ത പരാജയം ഏറ്റുവാങ്ങേണ്ടി വരുമായിരുന്നില്ല. വിധി നടപ്പാക്കലിന്റെ മുഴുവൻ ക്രെഡിറ്റും സ്വന്തമാക്കാനുള്ള ആവേശത്തിൽ ബധിരതയും അന്ധതയും ബാധിച്ചവർക്ക് ഉദ്ദേശിച്ച നേട്ടം ഉണ്ടാക്കാൻ സാധിച്ചില്ലെന്നു മാത്രമല്ല കനത്ത പ്രഹരമേൽക്കേണ്ടിവരികയും ചെയ്തു. ഇത് ആ മിടുക്കിന്റെ ബാക്കിപത്രം.

ലിംഗ വിവേചനാധിഷ്ഠിതമായ മതാനുഷ്ഠാന രീതി നിയമവിരുദ്ധമാണ് എന്ന സുപ്രീം കോടതിയുടെ നിരീക്ഷണം തികച്ചും ശരിയാണ്. എന്നാൽ ആ നിഗമനം ശബരിമല തീർത്ഥാടനകാര്യത്തിൽ ബാധകമല്ല. കാരണം ആർത്തവപ്രായത്തിലുള്ള സ്ത്രീകൾക്കു മാത്രമേ ശബരിമലയിൽ വിലക്കുള്ളൂ. മറ്റുള്ളവർക്ക് ശബരിമല ക്ഷേത്ര ദർശനമാകാം. അതുകൊണ്ട് ഇവിടെ ലിംഗവിവേചനം (gender discrimination) ഉണ്ടെന്നു പറഞ്ഞുകൂടാ. സ്ത്രീകളെ ഒന്നടങ്കം ഒഴിവാക്കുന്നില്ല. പ്രായപരിധി വിവാഹത്തിലും, സമ്മതിദാനത്തിലും, സ്കൂൾ പ്രവേശനത്തിലുമെല്ലാം നിർണ്ണയിച്ചിട്ടുള്ളത് വിവേചനമെന്നു പറഞ്ഞുകൂടല്ലോ. അതുകൊണ്ട് ശബരിമല വിഷയത്തിൽ നിലവിലിരിക്കുന്ന പാരമ്പര്യവും അതിന് ആധാരമായ മതചിന്തയും കോടതിയെ വേണ്ടവിധം ബോധ്യപ്പെടുത്തി ആചാരവിരുദ്ധമായ വിധി ഒഴിവാക്കാൻ ശ്രമിക്കേണ്ടതായിരുന്നു. എന്നാൽ ഈ വിധി കോടതിയിൽ നിന്ന് ഉണ്ടാകാനാണ് സർക്കാർ ശ്രമിച്ചത്. കോടതി വിധി ഉണ്ടായപ്പോൾ അതു സാധ്യമാകാത്ത പക്ഷം മത, രാഷ്ട്രീയ മുതലെടുപ്പുകൾ തടയാനായി സർവ്വകക്ഷി ചർച്ചയിലൂടെ പ്രശ്നം പരിഹരിക്കാമായിരുന്നു. അതിനു പകരം വാദികൾക്ക് അനുകൂലമായ നിലപാട് സർക്കാർ എടുത്ത് തങ്ങൾ ഉദ്ദേശിച്ച വിധം നേടിയ വിധികൊണ്ട് രാഷ്ട്രീയ നേട്ടത്തിന് രംഗമൊരുക്കുകയായിരുന്നു. കോടതി വിധി നടപ്പിലാക്കുന്നു എന്ന പരസ്യപ്പലകയ്ക്കു പിന്നിൽ നടന്നത് കക്ഷി രാഷ്ട്രീയ മുതലെടുപ്പിന് ഉള്ള ശ്രമമായിരുന്നു എന്ന് ജനം മനസ്സിലാക്കി. അത് പാർലമെന്റു തെരഞ്ഞെടുപ്പിൽ ശരിക്കും പ്രതിഫലിക്കുകയും ചെയ്തു.

എന്നാൽ മലങ്കര സഭാക്കേസിൽ 2017 വിധി നീണ്ടകാലത്തെ വിഷയാപഗ്രഥനവും സമഗ്രമായ പഠനവും നടത്തി പുറപ്പെടുവിച്ചതായിരുന്നു. ആ വിധി എങ്ങനെ നടപ്പിലാക്കാതിരിക്കാമെന്നുള്ളതായിരുന്നു സർക്കാരിന്റെ ശ്രമം. പാത്രിയർക്കീസ് പക്ഷത്തെ സംരക്ഷിച്ച് അവരുടെ വോട്ടുമുഴുവൻ സ്വന്തമാക്കുകയായിരുന്നു നമ്മുടെ സെക്കുലർ സർക്കാരിന്റെ ലക്ഷ്യം. അതിന് ആവശ്യമായ വാദങ്ങളും സർക്കാർ നിരത്തി. ആ വ്യവഹാരത്തിൽ കേരള സർക്കാർ കക്ഷിയല്ല; സർക്കാരിനോട് വിധി നടപ്പിലാക്കിക്കൊടുക്കുവാൻ കോടതി നിർദ്ദേശിച്ചിട്ടില്ല; നടപ്പിലാക്കിയാൽ പള്ളികൾതോറും രക്തച്ചൊരിച്ചിലുണ്ടാകും; വിശ്വാസകാര്യങ്ങളിൽ കോടതി വിധി നടപ്പാക്കാൻ പരിമിതികൾ ഉണ്ട് എന്നിങ്ങനെ പോകുന്ന തടസ്സവാദങ്ങൾ നിരത്തി കേസിൽ തകർന്ന പാത്രിയർക്കീസ് പക്ഷക്കാരുടെ പക്ഷം പിടിച്ച് അനുഭാവം നേടി അവരുടെ വോട്ട് മൊത്തം കച്ചവടം നടത്തുകയായിരുന്നു പിണറായി സർക്കാരിന്റെ ലക്ഷ്യം. അതുകൊണ്ടാണ് കോടതിവിധി നടപ്പിലാക്കാതിരിക്കുന്നതിന് സർക്കാരിന് വിവേചനാധികാരം ഉണ്ടെന്നുള്ള നിലപാടെടുത്തത്. ഈ വിവേചനത്തിന്റെ അടിത്തറയാകട്ടെ രാഷ്ട്രീയ ലാഭവും. ശബരിമലക്കാര്യത്തിൽ കോടതി ഉത്തരവ് ഉടൻ നടപ്പിലാക്കി സ്ത്രീ ജനങ്ങളുടെയും പുരോഗമനാശയക്കാരുടെയും പൂർണ്ണമായ പിന്തുണ പിടുങ്ങാമെന്നു കണക്കുകൂട്ടിയപ്പോൾ മലങ്കര സഭയുടെ കാര്യത്തിൽ ഉടനടി നടപ്പാക്കിക്കൊടുക്കണമെന്ന കോടതി വിധി ഒഴപ്പിക്കഴിച്ച് മുഴുവൻ പാത്രിയർക്കീസ് കക്ഷിക്കാരുടെയും വോട്ടു നേടാമെന്ന് പ്രതീക്ഷിച്ചു. ഈ ഇരട്ടത്താപ്പിന്റെയും അതി മിടുക്കിന്റെയും ഫലം ഉടനുണ്ടായ പാർലമെന്റ് തെരഞ്ഞെടുപ്പിൽ പ്രകടമായി. ചരിത്രത്തിലെ ഏറ്റവും കനത്ത പരാജയം ഏറ്റുവാങ്ങി L.D.F. തോറ്റു. ഒരിടത്ത് രാഷ്ട്രീയ ലാഭത്തിനായി വിധി നടപ്പിലാക്കി. മറ്റൊരിടത്ത് ഇതേലക്ഷ്യം വച്ച് അതേ കോടതി വിധി അട്ടിമറിച്ചു. L.D.F. ന്റെ രാഷ്ട്രീയ അവസരവാദം ജനം തിരിച്ചറിഞ്ഞു.

സുപ്രീം കോടതി വിധി രാജ്യത്തിന്റെ നിയമം തന്നെയാണ്. അത് നിയമ നിർമ്മാണ സഭകൾ രൂപം നൽകുന്ന നിയമങ്ങളുടെയും ഭരണഘടനാവ്യവസ്ഥകളുടെയും ഉറപ്പാക്കലും വ്യാഖ്യാനവുമെന്ന നിലയിൽ കൂടുതൽ സൂക്ഷ്മതയും കൃത്യത (accuracy) യും ഉള്ളതാണ്. അതു നടപ്പിലാക്കേണ്ടത് ബന്ധപ്പെട്ട സർക്കാരാണ്. മറ്റാർക്കാണ് അതിന് അധികാരവും ചുമ

തലയുമുള്ളത്? സർക്കാരിനെ അതിൽ കക്ഷി ചേർത്തിട്ടുണ്ടോ എന്ന് അധികാരികൾ അന്വേഷിക്കേണ്ട കാര്യമില്ല. ഫലപ്രദമായി അതു നടപ്പിലാക്കുക സർക്കാരിന്റെ കർത്തവ്യമാണ്. അക്കാര്യം 2019 ജൂലായ് രണ്ടിലെ വിധി വന്നിട്ടും ഇവിടത്തെ ഭരണാധികാരികൾ അവഗണിച്ചു. നിയമം അംഗീകരിക്കുകയില്ലെന്ന് ശാഠ്യം പിടിക്കുന്നവരെ നിയമ വിധേയരാക്കാൻ ആവശ്യമായ നടപടികൾ പ്രയോജനപ്പെടുത്തിയാൽ വിഷയം പരിഹരിക്കപ്പെടുകതന്നെ ചെയ്യും. ചുരുക്കിപ്പറഞ്ഞാൽ,

1. സുപ്രീം കോടതിവിധി നാടിന്റെ നിയമമമാണ്.
2. അതു നടപ്പിലാക്കണോ വേണ്ടയോ എന്ന കാര്യത്തിൽ ഭരണാധികാരികൾക്ക് വിവേചനാധികാരമില്ല. നടപ്പിലാക്കിയേ തീരൂ.
3. നടത്തിപ്പിന് ഭീഷണിയുണ്ടാകുമെന്നു തോന്നിയാൽ ആവശ്യ പരിഹാരനടപടികൾ സ്വീകരിക്കണം. ഈ കാര്യങ്ങൾ സർക്കാർ രാഷ്ട്രീയ ലാഭത്തിനായി വീഴ്ച വരുത്തി. ഇതിന് നീതീകരണമില്ല.

സഭാ തർക്കം സംബന്ധിച്ച 1995 ലെ സുപ്രീം കോടതി വിധി നീതിപൂർവ്വകവും അനുരഞ്ജനാത്മകവുമായിരുന്നു. ഭൂരിപക്ഷവിധി ആരെയും ജയിപ്പിക്കണമെന്നോ, തോല്പിക്കണമെന്നോ ഉള്ള ഉദ്ദേശ്യത്തോടുകൂടിയുള്ളതായിരുന്നില്ല. മലങ്കര സഭയിലെ ഇരുകക്ഷികൾക്കും ഐക്യപ്പെട്ട് ഒരുമിച്ച് പോകാമെന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങുന്നതായിരുന്നു. നിയമാനുകൂല്യം ഉണ്ടായിരുന്ന ഓർത്തഡോക്സ് പക്ഷത്തിന്റെ നിയമപരമായ കുറവുകൾ എടുത്തു കാണിച്ചും പാത്രിയർക്കീസ് പക്ഷക്കാരുടെ വീഴ്ചകൾക്കുനേരെ കണ്ണടച്ചും ഈ സഭ എങ്ങനെയും ഐക്യപ്പെട്ട് സമാധാനത്തോടെ മുമ്പോട്ട് നീങ്ങട്ടെ എന്ന കോടതിയുടെ താത്പര്യമാണ് ആ വിധിയിൽ നിഴലിച്ചത്. മൂന്നു കാര്യങ്ങളാണ് ആ വിധിയിൽ കോടതി അംഗീകരിച്ചത്.

1) പാത്രിയർക്കീസിന്റെ സ്ഥാനം. 2) കാതോലിക്കായുടെ സ്ഥാനം. 3) 1934 ലെ സഭാ ഭരണഘടനയുടെ പ്രാബല്യം. ഭരണഘടന തന്നെ പാത്രിയർക്കീസ് വിഭാഗത്തിന്റെ ആവശ്യപ്രകാരം ജനാധിപത്യവൽക്കരിച്ച് ന്യൂനതകൾ പരിഹരിച്ചാണ് ആധികാരികമാക്കിയത്. 1975-95 കാലഘട്ടത്തിലെ ഇരുഭാഗങ്ങളിലെയും നടപടികൾക്കും തെരഞ്ഞെടുപ്പുകൾക്കും സോപാധികമായ അംഗീകാരം മാത്രം നൽകി. സഭയിലെ ഇരുവിഭാഗത്തിലെയും എപ്പിസ്കോപ്പൽ സ്ഥാനികൾ പരിഷ്കരിച്ച സഭാ ഭരണഘടന അംഗീകരിച്ച് സ്ഥാനം നിലനിർത്തണമെന്നായിരുന്നു കോടതിയുടെ നിർദ്ദേശം. പരിഷ്കരിച്ച സഭാ ഭരണഘടനപ്രകാരം ചേരുന്ന സംയുക്ത മലങ്കര അസോസിയേഷനിൽ മലങ്കര മെത്രാപ്പോലീത്ത അംഗീകാരം നേടണമെന്നും മെത്രാപ്പോലീത്തമാരുടെ സ്ഥാനം പുതിയ മാനേജിംഗ് കമ്മിറ്റി കൂടി ക്രമീകരിക്കണമെന്നും കോടതി വിധിച്ചു. അഭിമാനത്തോടെ സഭൈക്യത്തിൽ പങ്കുചേരാൻ കോടതി അവസരം നൽകിയിട്ടും പാത്രിയർക്കീസ് കക്ഷിയിലെ നിർണ്ണായക വിഭാഗം അതു നിരാകരിച്ച് പുതിയ സഭ സ്ഥാപിച്ച് ബദൽ സംവിധാനം സൃഷ്ടിച്ച് മലങ്കര സഭയിലുള്ള അവകാശങ്ങൾ നഷ്ടപ്പെടുത്തി.

പുതിയ സാഹചര്യത്തിൽ കോടതിയിൽ സഭാ വ്യവഹാരം പുനരാരംഭിച്ചു. 2017 ജൂലായ് 3 ന് വീണ്ടും വിധി വന്നു. വിഘടിച്ചുപോയവർക്ക് പള്ളിവക സിമിത്തേരികളിൽ പോലും അവകാശമില്ലെന്ന് കോടതിവിധിയുണ്ടായി. 1995 വിധിയിൽ വിഭജനം പിളർപ്പായി ഭൂരിപക്ഷവിധി അംഗീകരിച്ചെങ്കിൽ 2017-ലേതിൽ യോജിക്കാത്ത പാത്രിയർക്കീസ് കക്ഷിക്കാർ സഭയ്ക്ക് പുറത്തുള്ളവർ എന്നു വ്യക്തമാക്കി. സർക്കാർ ഈ വിഘടിത വിഭാഗത്തെ നിയമവിരുദ്ധമായി സംരക്ഷിച്ച് രാഷ് ട്രീയ മുന്നേറ്റത്തിനാണ് ശ്രമിച്ചത്. അവർക്ക് നിരോധനമുണ്ടായ പള്ളികളിൽ പോലും നിയമം നടപ്പിലാക്കാതിരിക്കുവാൻ സർക്കാർ പ്രതിരോധ നടപടികൾ എടുത്തു. 2017-ലെ കോടതിവിധി വന്നശേഷവും സത്യം തിരിച്ചറിയുകയോ, അത് ജനത്തെ അറിയിക്കുകയൊ, നിയമപരമായ തങ്ങളുടെ അവകാശങ്ങൾ നിലനിർത്തുവാൻ ഐക്യസാധ്യത അന്വേഷിക്കുകയോ ചെയ്യുന്നതിനു പാത്രിയർക്കീസു കക്ഷിനേതാക്കന്മാർ തയ്യാറായില്ല. ഐക്യത്തിലൂടെ ജനങ്ങൾക്ക് സഭാംഗങ്ങൾ എന്ന നിലയിലുള്ള പള്ളിയിലുള്ള അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി ശ്രമിക്കാതെ ജുഡീഷ്യറിയെ ഭള്ളു പറയുവാനും കോടതിവിധി കോഴ കൊടുത്തു വാങ്ങിയതാണെന്ന് പ്രചരിപ്പിക്കുവാനും ആയിരുന്നു പാത്രിയർക്കീസ് കക്ഷിക്കാരുടെ ശ്രമം. അതിനുവേണ്ടി എറണാകുളത്ത് സമ്മേളനം വിളിച്ചുകൂട്ടി. കോടതിവിധിക്കെതിരെ ചന്ദ്രഹാസം മുഴക്കി. ഇതിനൊക്കെ നിരുത്തരവാദപരവും ആസ്വാദനാപരവുമായ നിലപാടായിരുന്നു ഭരണമുന്നണിയിലെ മുഖ്യ കക്ഷിയിൽ നിന്നും ഉണ്ടായത്. ആ പാർട്ടിയിലെ ജില്ലാ കാര്യദർശികൾ ഈ സമ്മേളനത്തിൽ സംബന്ധിച്ച് അതിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. അതായത് നിയമം നടപ്പിലാക്കാൻ ഉത്തരവാദപ്പെട്ടവർ നിയമത്തിനെതിരെ നടന്ന അനധികൃതയോഗത്തിൽ പങ്കെടുത്ത്

അതിനെ പിന്തുണച്ചു. ഇത് എങ്ങനെ നീതീകരിക്കാനാവും? കോടതി വിധി സംരക്ഷിക്കേണ്ട വർ അതിന്റെ അന്തകരാകുന്ന കലികാല അനുഭവം. നിയമവാഴ്ച ഉറപ്പാക്കേണ്ടവർ കാണിക്കുന്ന മാതൃകയാണിത്! വോട്ടുവാരാമെന്നു പ്രതീക്ഷിച്ച് നിയമം അട്ടിമറിച്ച് അരാജകത്വം സൃഷ്ടിക്കുവാൻ ഏതെങ്കിലും സർക്കാരിന് വിവേചനാധികാരമുണ്ടോ?

പിന്നീട് പിറവം വലിയപള്ളി ക്കേസിൽ കോടതി വിധിയുണ്ടായപ്പോൾ അതിന്റെ നടത്തിപ്പിനുള്ള ചുമതല കേരളത്തിലെ ബന്ധപ്പെട്ട അധികാരികൾക്കാണ് എന്ന് അതിൽ വ്യക്തമാക്കിയിരുന്നു. എങ്കിലും കോടതി വിധി നടപ്പാക്കരുതെന്ന നിലപാടായിരുന്നു സർക്കാരിന്റേത്. എന്നാൽ പള്ളിയും ഭദ്രാസനവും ഏകോപിപ്പിച്ചുള്ള ശ്രമം വിജയത്തിലേക്ക് നീങ്ങിയപ്പോൾ ഭരണാധികാരികളുടെ സ്വാധീനത്തിനു വഴങ്ങി സഭാനേതൃത്വം തന്നെ ഈ നീക്കം തടഞ്ഞു. സഭയ്ക്ക് നിയമപരമായി കിട്ടേണ്ട പിറവം പള്ളി ലഭിക്കുന്നതിനേക്കാൾ സഭാനേതൃത്വത്തിന് അന്ന് വേണ്ടപ്പെട്ടത് ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിൽ ഇടതുപക്ഷ സ്ഥാനാർത്ഥിയെ ജയിപ്പിക്കുക എന്നുള്ളതായിരുന്നു. സഭാനേതൃത്വത്തെപ്പറ്റി ഈ പ്രദേശത്തുള്ള ഓർത്തഡോക്സ് വിശ്വാസികൾക്ക് വീണ്ടും അഭിമാനം നഷ്ടപ്പെട്ട അനുഭവമാണ് ഇതു സൃഷ്ടിച്ചത്.

പിന്നീടുള്ള പോംവഴി തുടർന്ന് കേസ് നടത്തുക എന്നതായിരുന്നു. പിറവം പള്ളിക്കേസിൽ സർക്കാർ നൽകിയ സത്യവാങ്മൂലം വിധി നടത്തിപ്പിന് അനുകൂലമായിട്ടായിരുന്നില്ല. ചെങ്ങന്നൂരിൽ ഭരണകക്ഷിസ്ഥാനാർത്ഥിയെ ജയിപ്പിക്കാൻ പരമാവധി സ്വാധീനം പ്രയോഗിച്ച സഭാനേതാക്കന്മാർ വിധി നടത്തിപ്പിന് സർക്കാരിനെക്കൊണ്ട് കോടതിയിൽ അനുകൂലമായ നിലപാടെടുപ്പിക്കുന്നതിൽ പരാജയപ്പെട്ടു. തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ മേൽപറഞ്ഞ സ്ഥാനാർത്ഥിയുടെ വിജയത്തിന് വഴിവിട്ട് പ്രവർത്തിച്ച സഭാനേതൃത്വത്തിനും ആ ആനുകൂല്യം പറ്റി വിജയിച്ച L.D.F. നേതൃത്വത്തിനും പിറവം പള്ളിക്കേസ് വിധി നടപ്പാക്കുന്ന കാര്യം വിഷയമല്ലാതായി ത്തീർന്നു. തത്വങ്ങൾ വിട്ടു പ്രവർത്തിക്കുന്ന രാഷ്ട്രീയക്കാരും അവരെ ചുമക്കുന്ന സഭാ നേതൃത്വവും വരുത്തുന്ന വിന.

അടുത്തകാലത്ത് സഭാപ്രശ്നം ചർച്ചചെയ്ത് പരിഹരിക്കുന്നതിന് എന്ന പേരിൽ ഒരു മന്ത്രിസഭാ ഉപസമിതിയെ വച്ചു. കോടതി നാൽപത്തി അഞ്ച് വർഷം പഠിച്ച ശേഷം എടുത്ത തീരുമാനം നടപ്പിലാക്കാൻ അത് സർക്കാരിന് നൽകിയ കൽപ്പന എങ്ങനെ വീണ്ടും ചർച്ചക്ക് വിധേയമാകും? കോടതി വിധി നടത്തിപ്പ് അനശ്ചിതത്വത്തിൽ ആക്കുക എന്ന പാത്രിയർക്കീസ് പക്ഷത്തിന്റെ ഗൂഢ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായിരുന്നു ഇവിടെ സർക്കാരിന്റെ ശ്രമം. കോടതിവിധി നടപ്പിലാക്കൽ അട്ടിമറിക്കുന്ന സർക്കാരിന്റെ നേതൃത്വത്തിൽ കോടതിവിധി തള്ളി പറയുന്നവരുമായി എന്തടിസ്ഥാനത്തിൽ സഭാ പ്രശ്നം ചർച്ച ചെയ്യുവാനാവും? ജുഡീഷ്യറിയെ ധിക്കരിക്കുന്നവരെ സംരക്ഷിക്കുന്നവർക്ക് മദ്ധ്യസ്ഥർ എന്ന നിലയിൽ എത്രമാത്രം വിശ്വാസ്യത ആർജ്ജിക്കാനാവും? ജുഡീഷ്യറിയുടെ തീരുമാനം അംഗീകരിക്കുമെന്ന് യാക്കോബായ നേതൃത്വവും കോടതി വിധികൾ നടപ്പാക്കി സമാധാനം ഉണ്ടാക്കുമെന്ന് സർക്കാരും പ്രതിജ്ഞാബദ്ധമാകുന്ന സാഹചര്യത്തിൽ അല്ലേ അർത്ഥവത്തും ഫലപ്രദവുമായ ചർച്ചയ്ക്ക് സാഹചര്യമുള്ളൂ. സർക്കാർ വീണ്ടും രാഷ്ട്രീയ-സാമ്പത്തിക ലക്ഷ്യങ്ങൾക്ക് വേണ്ടി നിയമ ഭ്രഷ്ടരായവരുടെ ചട്ടുകമാകുന്നു എന്നതാണ് പരിതാപകരം.

പാത്രിയർക്കീസ് പക്ഷക്കാരുടെ സഹായമില്ലാതെ എറണാകുളം ജില്ലയിൽ തങ്ങളുടെ സ്ഥാനാർത്ഥികൾക്ക് വിജയിക്കാൻ ആകുകയില്ല എന്ന് ഇവിടത്തെ മാർക്സിസ്റ്റ് നേതാക്കന്മാർക്ക് ചിന്തയുണ്ട്. എറണാകുളം ജില്ലയിൽ ഒരേ സമയം മൂന്ന് ഓർത്തഡോക്സുകാർ L.D.F. ടിക്കറ്റിൽ വിജയിച്ചിട്ട് അധികകാലമായില്ല. ബാബുപോൾ, എം.ജെ. ജേക്കബ്ബ്, എം. എം.മോനായി എന്നിവർ ജയിച്ചത് യാക്കോബായ നേതൃത്വം കല്പന അയച്ചത് കൊണ്ട് ആയിരുന്നില്ല. ഇത്തവണ യാക്കോബായക്കാരുടെ ശക്തിദുർഗമെന്ന് കരുതപ്പെടുന്ന എറണാകുളം, ചാലക്കുടി പാർലമെന്റ് മണ്ഡലങ്ങളിൽ ശ്രേഷ്ഠ ബാവ പള്ളികൾ തോറും കല്പന ഇറക്കിയിട്ടും ഇടത്പക്ഷ സ്ഥാനാർത്ഥികൾ ദയനീയമായി തോറ്റു എന്നും ഓർക്കുക. ജനാധിപത്യത്തിലും മതനിരപേക്ഷതയിലും വിശ്വസിക്കുന്നു എന്ന് പേരുള്ള മാർക്സിസ്റ്റ് പാർട്ടി സ്വാർത്ഥ ലാഭങ്ങൾക്കായി വർഗ്ഗീയ പ്രീണനത്തിലൂടെ തരം താഴ്ന്ന് നിയമ നിഷേധം നടത്തുമ്പോൾ വൈകാതെ ബംഗാൾ ഇവിടെ ആവർത്തിക്കാൻ സ്വയം ഒരുങ്ങുന്നതായി വിലയിരുത്താം.

ഇത് പറയുന്നത് U.D.F.നെ വെള്ള പൂശാൻ ആണ് എന്ന് ആരും കാണേണ്ട. ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായ കേസ് വിധി വന്നപ്പോഴൊക്കെ തെരുവിൽ വിരിച്ച് സത്യാഗ്രഹമിരിക്കുവാൻ ശ്രേഷ്ഠ ബാവയ്ക്ക് പായ വാങ്ങിക്കൊടുത്ത പാരമ്പര്യമാണ് അവർക്കുള്ളത്. മലങ്കര വർഗ്ഗീസ് വധക്കേസിൽ യാക്കോബായ ഉന്നതർ അറസ്റ്റിലാകുന്ന

സാഹചര്യത്തിൽ സമർത്ഥനായ അന്നത്തെ റൂറൽ എസ്.പി കുഞ്ഞുക്കണ്ണനെ നിശ്ശബ്ദനും നിഷ്ക്രിയനുമാക്കിയവർ U.D.F.പാളയത്തിൽ ഇന്നും നേതാക്കന്മാരായുണ്ട്. പാത്രിയർക്കീസ് വിഭാഗത്തിന്റെ എല്ലാ അക്രമങ്ങൾക്കും കൂട്ട് നിന്നവരും സംസ്ഥാനത്ത് അഴിമതിയുടെ സർവ്വകാല റിക്കോർഡ് സൃഷ്ടിച്ചവരും തന്നെ ഇന്നും ആ പ്രസ്ഥാനത്തിന്റെ ചുക്കാൻ പിടിക്കുന്നു. വഴിവിട്ടു സഹായിച്ച അവരെ നിർദ്ദയം തൊഴിച്ചുമാറ്റി നേട്ടം ഉണ്ടാക്കാൻ L.D.F ന്റെ കൂടെ കൂടിയ യാക്കോബായ നേതാക്കളുടെ അവസരവാദ സമീപനപ്രകാരം ഇന്ന് ഇടത് പക്ഷക്കാർ നിയമം അട്ടിമറിക്കുന്നു. രാഷ്ട്രീയ ലാഭത്തിനുവേണ്ടി നീതിയെ വഴിയാധാരമാക്കുന്നതിൽ കേരളത്തിലെ ഇരു മുന്നണികളും മത്സരിക്കുന്ന ദുരവസ്ഥയോടുള്ള പ്രതികരണമാണ് ഈ കത്ത്. ഇന്ന് ഓർത്തഡോക്സ് നേതാക്കളിൽ പലരും പുകഴ്ത്തുന്ന U.D.F. നേതാക്കൾ ഇടതുപക്ഷത്തിന്റെ നിയമവിരുദ്ധ നിലപാടിനെ എതിർക്കുന്നില്ല എന്നത് ശ്രദ്ധിക്കുക. അവർക്കും ലക്ഷ്യം രാഷ്ട്രീയ നേട്ടം തന്നെ.

ഒരു കാര്യം വ്യക്തമാക്കുന്നതിനാണ് ഇതെല്ലാം വിവരിച്ചത്. കേരളത്തിലെ ഇരു മുന്നണികളും സെക്കുലർ - ജനാധിപത്യമുള്ളവരാണ് എന്നാണ് സ്വയം വിശേഷിപ്പിക്കുന്നത്. സമുദായപ്രീണനം നടത്തി രാജ്യത്ത് നീതി അട്ടിമറിക്കുന്ന നിങ്ങളുടെ രീതിയ്ക്ക് നീതീകരണമില്ല. നിയമവാഴ്ച ഉറപ്പ് വരുത്തി സംസ്ഥാനത്തെ അരാജകത്വത്തിൽ നിന്നും തീവ്രവാദങ്ങളിൽ നിന്നും സംരക്ഷിച്ച് നീതി പുലരുവാൻ നിങ്ങൾ സാഹചര്യം സൃഷ്ടിക്കേണ്ടതുണ്ട്. നിയമവ്യവസ്ഥയുടെ താത്പര്യങ്ങൾക്ക് വിരുദ്ധമായി സ്വന്തം താത്പര്യങ്ങൾക്കായി നിങ്ങളെ സമീപിക്കുന്ന സഭാ നേതാക്കളെ അവഗണിച്ച് നിയമവാഴ്ച ഉറപ്പാക്കുകയാണ് വേണ്ടത്. സഭയ്ക്ക് നീതി ലഭിക്കട്ടെ. അതുവഴി അതിൽ ഐക്യം സൃഷ്ടിക്കപ്പെടട്ടെ. നിയമവാഴ്ച പുനസ്ഥാപിക്കപ്പെടട്ടെ.

സസ്നേഹം,

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

(2-ാം പേജിൽ നിന്ന് തുടർച്ച)

സംബന്ധിച്ച ആരോപണങ്ങളും യുവമനസ്സുകളെ മലീമസമാക്കുവാൻ പ്രേരകമാണ്. തെറ്റുകളെ സാമാന്യവൽക്കരിച്ച് നിസ്സാരമാക്കുന്ന പ്രവണത ഇക്കാലത്ത് വളർന്നു വരുന്നുണ്ട് എന്നതും അപകടകരമാണ്.

ഒരു ജന്മദിനാഘോഷത്തിനിടയിൽ നടന്ന രണ്ടു പീഡനങ്ങളുടെ തുടർക്കഥയാണല്ലോ ഇവിടെ പരാമർശം. ഈ സംഭവത്തിൽ ഇരയായ പെൺകുട്ടിയും ക്ലീൻ ചിറ്റ് അർഹിക്കുന്നില്ല. അവളുടെ അമിതമായ സുഹൃത് വിശ്വാസത്തെയും സാഹസീകതെയും അപലപിക്കേണ്ടതുതന്നെ. പ്രത്യേകിച്ച് ഒരു ബന്ധുവീട്ടിൽ താമസിച്ച് പഠനം നടത്തുമ്പോൾ അവരുടെ ഉത്തരവാദിത്തത്തെയും ആത്മാഭിമാനത്തെയും അവൾ പരിഗണിക്കേണ്ടതായിരുന്നു. സ്വഭാവ ദാർഢ്യമുള്ള ഒരു പെൺകുട്ടിയെ പൂവാലന്മാർ അടുക്കുവാൻ ശങ്കിക്കും എന്നത് എല്ലാവർക്കും അറിവുള്ള കാര്യമാണ്. പെൺകുട്ടികളുടെ അയഞ്ഞതും മദാലസവുമായ പെരുമാറ്റ രീതികളാണ് പലപ്പോഴും ലൈംഗികാതിക്രമങ്ങളെ ക്ഷണിച്ചുവരുത്തുന്നത്.

അറസ്റ്റിലായ സഹോദരങ്ങളുടെ കുടിലത അങ്ങേയറ്റം അപലപനീയവും ശിക്ഷാർഹവുമാണ്. കാമപൂരണത്തിന്റെ അതിരുകളെ കടന്ന് അവർ മുടങ്ങാത്ത പണസ്രോതസ്സിന്റെ വഴിതേടുകയായിരുന്നു ബ്ലാക്ക് മെയിലിംഗ് വഴി.

കുമാരി കുമാരന്മാരുടെയും, യുവതീയുവാക്കന്മാരുടെയും കാപട്യം നിറഞ്ഞ സ്നേഹവും അടുപ്പവും ഇന്ന് സമൂഹത്തിൽ ഒട്ടേറെ അസ്വസ്ഥതകൾ സൃഷ്ടിക്കുന്നുണ്ട്. വിവാഹാഭ്യർത്ഥന നിരസിക്കുന്ന ഭർത്തൃമതികളെപ്പോലും നടുറോഡിൽ വെട്ടിക്കൊല്ലുകയും ചുട്ടെരിക്കുകയും ചെയ്യുന്ന കാലം! സ്വന്തം അച്ഛനും അടുത്ത ബന്ധുക്കളും പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ബലാൽസംഗം ചെയ്ത് ഗർഭിണിയാക്കുന്ന കലിവിളയാട്ടം. ഇതൊക്കെ അടിക്കടി വർദ്ധിച്ചുവരുന്നത് ഭീതിജനകമാണ്. ഇതിനെതിരെ സമൂഹ മന:സാക്ഷി ഉണരേണ്ടതുണ്ട്. സഭ സജീവമാകേണ്ടതുണ്ട്. കുറ്റവാളികൾക്ക് മാതൃകാപരമായ ശിക്ഷയ്ക്കൊപ്പം മനശാസ്ത്രപരമായ ചികിത്സയും ലഭ്യമാക്കണം. കുറ്റകൃത്യപ്രവണത രോഗമാണോ എന്ന് പരിശോധിച്ച് പരിഹാരം വരുത്തണം. സ്ത്രീജനങ്ങൾ നൈർമല്യവും അച്ചടക്കവും പാലിച്ച് ലൈംഗിക അതിക്രമങ്ങൾക്ക് വഴിവയ്ക്കാതെ ജാഗ്രതപുലർത്തണം. രാഷ്ട്രീയ പരിഗണനയുടെ പേരിൽ കുറ്റവാളികൾ രക്ഷപെടുന്ന സാഹചര്യം ഇല്ലാതാക്കണം. യഥാർത്ഥ മനുഷ്യസ്നേഹവും ധാർമ്മീകതയും വളർത്തുന്നതിനുള്ള പാഠങ്ങൾ പാഠ്യപദ്ധതികൾ ഉൾപ്പെടുത്തി അവയെ നവീകരിക്കണം. ധാർമ്മികതയിൽ വിട്ടുവീഴ്ചയില്ലാത്തവിധം മക്കളെ വളർത്തിക്കൊണ്ടുവരുവാൻ മാതാപിതാക്കൾ ജാഗ്രത പാലിക്കണം. ഇത്തരത്തിലുള്ള ശ്രമങ്ങളിലൂടെ മാത്രമേ കുറ്റകൃത്യങ്ങൾ പരിമിതപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. □

ലേഖനം

ക്രിസ്ത്യാനിയും യോഗയും

(തുടർച്ച)

ഫാ. സൈജു തുരുത്തിയിയിൽ

"ദൈവം കോലാഹലത്തിന്റെ ദൈവമല്ല സമാധാനത്തിന്റെ ദൈവമാണ്". (1 കോറി. 14:33)

"കർത്താവിനെ അറിയാൻ നമുക്ക് ഏകാഗ്രതയോടെ ശ്രമിക്കാം." (ഹോസി. 6:3)

ബഹളങ്ങൾ നിറഞ്ഞ നമ്മുടെ ജീവിതത്തിന്റെ പുറത്ത് കടന്ന് അൽപം ശുദ്ധവായു ശ്വസിക്കുന്ന ബന്ധങ്ങളിലേക്കുള്ള വളർച്ചയാണ് യഥാർത്ഥ ആത്മീയത. ആരെയും ബുദ്ധിമുട്ടിക്കാതെ പ്രകൃതിയുടെ സ്വാഭാവിക താളത്തോട് ചേരലാണ് ഏകാന്തത. ഇത് ദൈവത്തെ കണ്ടുമുട്ടലാണ്. ബൈബിളിൽ രാജാക്കന്മാരുടെ ഒന്നാം പുസ്തകം 19:2 ൽ നാം ഇപ്രകാരം വായിക്കുന്നു. "ഭൂകമ്പത്തിനുശേഷം അഗ്നിയുണ്ടായിരുന്നു. അഗ്നിയിലും കർത്താവില്ലായിരുന്നു. അഗ്നി അടങ്ങിയപ്പോൾ ഒരു മൃദുസ്വരം ഞാൻ കേട്ടു".

പുതിയ നിയമത്തിൽ കർത്താവീശോമിശിഹാ കാത്തുസൂക്ഷിച്ചുപോന്ന നിശ്ശബ്ദതയുടെ ഒരു ആത്മീയതയുണ്ട്. ഏതാനും ചില ഭാഗങ്ങൾ താഴെ വിവരിക്കുന്നു.

1. ക്രിസ്തു തന്റെ പരസ്യജീവിതത്തിന് മുമ്പ് 40 ദിനങ്ങൾ മരുഭൂമിയിൽ നിശ്ശബ്ദതയിൽ ആയിരുന്നു. (മത്താ. 4:1-11)

2. അപ്പസ്തോലന്മാരെ തിരഞ്ഞെടുക്കുന്നതിന് മുമ്പ്, ക്രിസ്തു പ്രാർത്ഥിക്കാൻ മലയിലേക്ക് പോയി. അവിടെ ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ട് രാത്രി മുഴുവൻ ചിലവഴിച്ചു. (ലൂക്കാ. 6:12-13)

3. തനിക്ക് വഴിയൊരുക്കാൻ വന്ന സ്നാപകയോഹന്നാന്റെ മരണത്തെക്കുറിച്ച് അറിഞ്ഞ് യേശു അവിടെ നിന്നും പിൻവാങ്ങി. വഞ്ചിയിൽ കയറി, തനിച്ച് ഒരു വിജന സ്ഥലത്തേക്ക് പോയി. (മത്താ. 14:13)

4. അവൻ ജനക്കൂട്ടത്തെ പിരിച്ചുവിട്ടതിനുശേഷം ഏകാന്തതയിൽ പ്രാർത്ഥിക്കാൻ മലയിലേക്ക് കയറി. രാത്രി ആയപ്പോഴും അവൻ അവിടെ തനിച്ചായിരുന്നു. (മത്താ. 14:23)

5. അവൻ വന്ന് തന്നെ രാജാവാക്കാൻ വേണ്ടി ബലമായി പിടിച്ചുകൊണ്ട് പോകാൻ ഭാവിക്കുന്നു എന്ന് മനസ്സിലാക്കിയ യേശു വീണ്ടും തനിയെ മലമുകളിലേക്ക് പിൻവാങ്ങി (യോഹ. 6:14-15)

6. അതിരാവിലെ അവൻ ഉണർന്ന് ഒരു വിജനസ്ഥലത്തേക്ക് പോയി. അവിടെ അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. (മർക്കോ. 1:35)

കർത്താവുമായി ക്രൈസ്തവനുള്ള ഏകാന്തതയുടെ സമയം. ബുദ്ധിമുട്ടുള്ള തെരഞ്ഞെടുപ്പുകളിൽ വലിയ സഹായകമായിരിക്കും. നമ്മുടെ പദ്ധതികളും പരിശ്രമങ്ങളും ദൈവത്തോട് ചേർത്തുവയ്ക്കാൻ നിശബ്ദതയുടെ പ്രാർത്ഥനയ്ക്കേ പറ്റൂ. ഉദാഹരണത്തിന് ഈശോയുടെ ഗദ്സെമെൻ പ്രാർത്ഥന. ഇതുപോലെ ആഴമുള്ള നിശബ്ദതയിൽ രൂപപ്പെടുന്ന മറ്റൊരു പ്രാർത്ഥന ബൈബിളിൽ ഒരിടത്തും കണ്ടെത്താനാവില്ല. ഒറ്റിക്കൊടുക്കപ്പെടുന്നതിനു മുമ്പുള്ള ഇരുണ്ട മണിക്കൂറുകളെ എത്ര ദിവ്യമായാണ് ഈശോ ചെലവഴിച്ചത്! ഏകാന്തതയുടെ പ്രാർത്ഥനയ്ക്ക് തടസ്സമാകാതിരിക്കാൻ ശിഷ്യരെപ്പോലും കൂട്ടിക്കൊണ്ടുപോയില്ല എന്നോർക്കണം.

അവൻ അവരിൽ നിന്ന് ഒരു കല്ലേറു ദൂരം മാറി മുട്ടിന്മേൽ വീണു പ്രാർത്ഥിച്ചു. (ലൂക്കാ. 22:41)

ഇത് ജാഗ്രതയുടെ ആത്മീയതയാണ്. മനസ്സിന് പക്വത വരണം. അപ്പോഴേ ഒരാൾ ജീവിതത്തിന്റെ അർത്ഥം ശരിക്കും മനസ്സിലാക്കൂ. തന്റെ ചിന്തകളെയും വാക്കുകളെയും പ്രവൃത്തികളെയും കുറിച്ച് ബോധമുണ്ടാകുന്നത് അപ്പോൾ മാത്രമാണ്. ആത്മീയ സാധനകൾ അനുഷ്ഠിക്കുന്നവർ സദാ ജാഗ്രത പുലർത്തണം. പുതിയ നിയമത്തിൽ ജാഗ്രത എന്നു പറയുന്നത് ഒരു പുണ്യമാണ്. പാപപരീക്ഷകളെ ചെറുത്ത് നിൽക്കാനും പുണ്യത്തിൽ അഭിവൃദ്ധിപ്പെടാനും ഇത് നമ്മെ സഹായിക്കുന്നു. അച്ചടക്കവും ആത്മനിയന്ത്രണവും നിർബന്ധപൂർവ്വം അടിച്ചേൽപിക്കപ്പെട്ടതാകരുത്.

ചരിത്രത്തിലുടനീളമുള്ള ജ്ഞാനികളെല്ലാം തന്നെ സത്യത്തെ നേരിട്ടറിയാൻ കടുത്ത ക്ലേശങ്ങളിലൂടെ കടന്നു പോയിട്ടുണ്ട്. ഈ ഒരു സത്യത്തിന്റെ പാത അന്വേഷിച്ചറിയുകയാണ് ഒരു ക്രിസ്ത്യാനിയുടെ ദൗത്യം. അതിനു നമ്മെ ഏറെ സഹായിക്കുന്നതാണ് യോഗ. തത്വശാസ്ത്രപരമായ കാരണങ്ങളോടു കൂടിയ വിശാലമായ ഒരു ശിക്ഷണ പരിശീലന പദ്ധതിയാണ് യോഗ. യോഗ ഒരുവന്റെ സത്താപരമായ ആവശ്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. "നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കുക" (മർക്കോ. 12:30-31)

ആരോഗ്യമുള്ള ഒരാത്മീയത രൂപപ്പെടുത്താൻ വിശ്വാസികളെ പ്രചോദിപ്പിക്കുന്ന തിരുവചന ഭാഗമാണിത്. യോഗ കിഴക്കിന്റെ ഏറ്റവും പ്രധാനപ്പെട്ട ആത്മീയസാധനയാണ്. ക്രൈസ്തവരുടെ ആത്മീയ വെല്ലുവിളിയുമാണിത്. പല ക്രൈസ്തവരും യോഗ എന്നു കേൾക്കുമ്പോൾ അസ്വസ്ഥരാകുന്നവരാണ്. ക്രൈസ്തവരും യോഗയും തമ്മിലുള്ള ബന്ധത്തിൽ അവർ ആകുലരുമാണ്. യോഗ ചെയ്താൽ ഹൈന്ദവനായി മാറുമോ എന്നൊരു ഭയം. ഹൈന്ദവ ആത്മീയതയോട് ചേർന്നു നിൽക്കുന്നതാണ് യോഗ എങ്കിലും ഉപരിപ്ലവമായ അന്ധവിശ്വാസങ്ങളെ യോഗ എന്നും നിരാകരിച്ചിട്ടുണ്ട്. മതത്തിനപ്പുറം നിൽക്കുന്ന യോഗ, ഭാരതീയന്റേതാണ്, ക്രിസ്ത്യാനിയുടേതാണ്, ഹിന്ദുവിന്റേതാണ്, മുസ്ലീമിന്റേതാണ്. മതത്തിന്റെയും സംസ്കാരത്തിന്റെയും ബന്ധങ്ങൾ അഴിച്ചു മാറ്റിയാണ് പടിഞ്ഞാറുകാർ യോഗയെ സ്വീകരിച്ചത്.

ക്രൈസ്തവ സഭയും സമൂഹവും ഈ അന്ധവിശ്വാസങ്ങളെ നിരാകരിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ജാതി വ്യവസ്ഥ, അർത്ഥമില്ലാത്ത ആചാരങ്ങൾ തുടങ്ങിയവ എന്നും നമ്മൾ എതിർത്ത കാര്യങ്ങളാണ്.

അമേരിക്കയിൽ ഏറ്റവും വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ആധ്യാത്മിക പ്രതിഭാസമാണ് യോഗ. സമൂഹത്തിലെ ഉന്നത നിലയിൽ ജീവിക്കുന്നവരെല്ലാം ഇതിന്റെ പ്രാധാന്യം മനസ്സിലാക്കിയിട്ടുണ്ട്. യോഗ നിലനിൽപുള്ള ആരോഗ്യ അനുഭവവും ആത്മീയ അനുഭവവും ഒരുവന് പ്രദാനം ചെയ്യുന്നുണ്ട്. ലോകം മുഴുവൻ യോഗയെ ഇഷ്ടപ്പെടുന്നുമുണ്ട്. ഭാരതത്തിലുള്ള പലരും യോഗയുടെ അർത്ഥവും ആഴവും കണ്ടെത്താനുള്ള പഠനത്തിലാണ്. യോഗയുടെ നന്മയും ക്രൈസ്തവ ആധ്യാത്മികതയും നമ്മിൽ ഒന്നിച്ചു ചേർത്താൽ നമുക്ക് ഉയർന്ന ഒരു തലത്തിൽ ജീവിക്കാൻ കഴിയും. യോഗാ പരിശീലനങ്ങളുടെ ആഴമുള്ള തലങ്ങളിലേക്ക് പോകാൻ ക്രൈസ്തവ ആധ്യാത്മികതയുടെ നന്മ നമ്മെ പ്രാപ്തരാക്കണം. തന്റെ മതത്തെയും പാരമ്പര്യത്തെയും ഒറ്റിക്കൊടുക്കുകയാണെന്ന വിചാരമില്ലാതെ യോഗാ പരിശീലനത്തിന്റെ പൂർണതയിലേക്ക് ഓരോ ക്രിസ്ത്യാനിയും വളരണം.

ക്രൈസ്തവ ആധ്യാത്മികതയും യോഗയും തമ്മിലുള്ള ഒന്നുചേരൽ സാധ്യമാക്കിയാൽ നമ്മുടെ മക്കളെയും യുവാക്കളെയും ലോകത്തെയും തന്നെ വീണ്ടെടുക്കാൻ നമുക്ക് കഴിയും. ഉപദേശം കൊണ്ട് ആരെയും നന്നാക്കാനോ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരാനോ കഴിയില്ല. ക്രിസ്തുവിന്റെ വചനം കേട്ടിട്ട് ഇത് കഠിനമെന്നു പറഞ്ഞവരും (യോഹ. 6:60) അവനെ ഉപേക്ഷിച്ച് പോയവരുമാണ് അധികവും (യോഹ. 6:66). ഉപദേശമല്ല പ്രവൃത്തിയാണ് മാനസാന്തരത്തിന് കാരണമാകൂ എന്ന് തിരിച്ചറിഞ്ഞ ക്രിസ്തുവാണ് കാലു കഴുകിയതും കാൽവരി കയറിയതും കുരിശിൽ മരിച്ചതും. യോഗ ഉപദേശത്തിന്റെ വഴിയല്ല, പ്രവൃത്തിയുടെ ജീവിതമാണ്.

ജാതിക്കും മതത്തിനുമപ്പുറം നിൽക്കാനും കൈകോർക്കാനും മനുഷ്യർക്ക് കഴിയണം. മതത്തിന്റെ പേരിൽ മരണം വരിക്കേണ്ട കാലഘട്ടത്തിൽ, ഇത് വിധിയാണെന്നു കരുതി, സമാശ്വസിക്കേണ്ടവരല്ല നമ്മൾ. മറിച്ച് പരസ്പരം മനസ്സിലാക്കി, ക്രിസ്ത്യാനിയും ബുദ്ധമതവിശ്വാസിയും ഹിന്ദുവും ഒരുപോലെ ശ്രേഷ്ഠന്മാരാണെന്ന് തിരിച്ചറിയണം. എല്ലാവരും ഒരുമിച്ച് ഈ ലോകത്തെ വീണ്ടെടുക്കാനും ദൈവികമാക്കാനും പരിശ്രമിക്കുക. ഹിന്ദുവാണെങ്കിലും ക്രസ്ത്യാനിയാണെങ്കിലും - ഏത് മതവിശ്വാസിയാണെങ്കിലും അവൻ ചതിയനും വഞ്ചകനും സ്നേഹഭാവത്തിലേക്ക് വരാത്തവനും ആണെങ്കിൽ അവൻ നഷ്ടപ്പെട്ടവനായിരിക്കും. ക്രിസ്തു സന്ദേശം പരസ്പര സ്നേഹത്തിന്റെ, ശത്രു സ്നേഹത്തിന്റെ സന്ദേശമാണെന്ന് നാം മറന്നുകൂടാ.

ഈ ലോകത്തിൽ സമഗ്രതയുടെ മനുഷ്യരുണ്ട്. അറിവില്ലാത്ത ആൾക്കാരുമുണ്ട്. എല്ലാ മതസമൂഹങ്ങളിലും സംസ്കാരങ്ങളിലും ആത്മീയതയിൽ ഉണർവുള്ളവരും ഇല്ലാത്തവരുമുണ്ട്. നമുക്കിവിടെ ഒരു ക്രൈസ്തവ യോഗി ആയി മാറുക എന്നതാണ് പ്രധാനം. ഭാരതത്തിൽ ജീവിക്കുന്നവനായ ഞാൻ ഭാരതത്തിന്റെ ആത്മീയ സാധനയായ യോഗ പരിശീലിക്കുന്ന ഒരു സാധകനാകണം. നിശബ്ദതയുടെ വ്യക്തിയാകണം. ആർത്തിയോ ആസക്തിയോ, ചതിയോ, വഞ്ചനയോ ഇല്ലാത്ത യഥാർത്ഥ ക്രൈസ്തവ ജീവിതം നയിക്കാൻ ഈ ആത്മീയ സാധന ഒരുവനെ പ്രാപ്തനാക്കും.

യോഗയും - ക്രിസ്തീയതയും രണ്ട് ശക്തമായ പാരമ്പര്യങ്ങളാണ്. തുറവിയുണ്ടായിരിക്കുക. അപ്പോൾ ഓരോന്നിന്റെയും പരിമിതികളും നന്മകളും തിരിച്ചറിയാൻ നമുക്ക് കഴിയും.

ക്രൈസ്തവൻ യോഗയെ സമീപിക്കേണ്ടത് ആത്മാർത്ഥതയോടെ ആയിരിക്കണം. നമ്മൾ യോഗയെ സമീപിക്കുമ്പോൾ കൃത്യമായും അർത്ഥതലങ്ങളോടുകൂടിയും പഠിക്കണം. അതുപോലെ പരിശീലിക്കുകയും ചെയ്യണം. മനസ്സിൽ തീവ്രമായ ഭാവം ഇല്ലെങ്കിൽ എത്രയായിരം പ്രാവശ്യം യോഗ പരിശീലിച്ചാലും യാതൊരു ഫലവും ഉണ്ടാവുകയില്ല. യോഗയിലൂടെ നാം നേടിയെടുക്കേണ്ടത്

ആത്മനിയന്ത്രണം തന്നെയാണ്. അതുവഴി സ്വന്തം മനസ്സും ശരീരവും ബുദ്ധിയും പ്രവൃത്തിയും ബോധപൂർവ്വം ഒതുക്കാൻ കഴിവു നേടുന്നു. മനസ്സിൽ ദൃഢനിശ്ചയങ്ങൾ വളർത്തിക്കൊണ്ടുവരാനും വികാരവിചാരങ്ങളെയും വാക്കുകളെയും നിയന്ത്രിക്കാനും ചെറുപ്പത്തിലേ ഒരുവനെ പ്രാപ്തനാക്കുന്ന സാധനയാണ് യോഗ. മനസ്സിനെയും അതിന്റെ ഗതിവിഗതികളെയും നിയന്ത്രിക്കാൻ ധ്യാനത്തിന്റെ രീതികളം അറിഞ്ഞിരിക്കേണ്ടതുണ്ട്.

ഒരുതലമുറയെ വീണ്ടെടുത്ത് രക്ഷിക്കാൻ പര്യാപ്തമാണ് ഈ യോഗയും യോഗ ആത്മീയതയും. ജാഗ്രത പുലർത്താൻ കഴിയാത്ത ഒരു തലമുറയിലാണ് നാം ജീവിക്കുന്നത്. ലോകത്ത് നടക്കുന്ന അപകടങ്ങിൽ മിക്കതും ജാഗ്രതയും ശ്രദ്ധയും കുറയുമ്പോഴുണ്ടാകുന്നതല്ലേ? ഒരു സാധകൻ എന്ന നിലയിൽ സദാ ജാഗ്രത പുലർത്തുകയാണ് ബുദ്ധി. ധ്യാനം അനുഷ്ഠിക്കുന്നതിൽ കർശനമായ കൃത്യനിഷ്ഠ പാലിക്കണം. യുവതീയുവാക്കൾ ധ്യാനം കൊണ്ട് ഉടനടി ഫലം ഉണ്ടാകുമെന്ന് കരുതരുത്. യോഗയിലും ധ്യാനത്തിലും തിടുക്കം പാടില്ല. ദലൈലാമയുടെ വാക്കുകൾ മറക്കാതിരിക്കാം. നാലു വയസ്സുമുതൽ ലോകത്തിലുള്ള കുട്ടികളെ യോഗയും ധ്യാനവും പരിശീലിപ്പിച്ചാൽ ഈ ലോകത്ത് ഒരിക്കലും യുദ്ധമുണ്ടാവുകയില്ല. യോഗാമാർഗ്ഗത്തിൽ അപൂർവ്വമായി ചിലപ്പോൾ സിദ്ധികൾ കൈവന്നേക്കാനിടയുണ്ട്.

ഹിമാലയത്തിൽ കണ്ടെത്തിയ ചില മുനിമാർ എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. സിദ്ധി എന്ന് ഇവിടെ ഉദ്ദേശിക്കുന്നത് മറ്റുള്ളവരെ ആശ്വസിപ്പിക്കാനും സൗഖ്യത്തിലേക്ക് വഴി നടത്താനുമുള്ള കഴിവാണ്. പതിനായിരത്തിലൊരാൾക്കായിരിക്കാം ഇത് ലഭിക്കുക. അതിനായി ബോധപൂർവ്വം മോഹിക്കാത്ത യോഗിക്കായിരിക്കും അത് നേടാനാവുക. സ്വന്തം ജീവിതത്തെക്കുറിച്ച് യഥാർത്ഥ ലക്ഷ്യബോധമുള്ള ഒരാൾ അത് ദുരുപയോഗപ്പെടുത്തുകയില്ല. യോഗയിലൂടെ കിട്ടുന്ന നന്മകൾ ദുരുപയോഗിച്ചാൽ അത് ആ വ്യക്തിയുടെ വീഴ്ചക്കുള്ള ഏറ്റവും വലിയ കാരണമായിരിക്കും. യോഗികൾ പലരും വഴിതെറ്റുന്നത് ഇവിടെയാണ്. കൺകെട്ടുവിദ്യകളും തട്ടിപ്പ് വിദ്യകളും യോഗയുടെ ഭാഗമേയല്ല. യോഗ തികച്ചും ആത്മീയമായ ഒരു കലയാണ്. സാധനയാണ്. ഒരു ക്രൈസ്തവ യോഗി ആയി മാറുക. ക്രൈസ്തവ ആധ്യാത്മികതയും യോഗയും സമ്മേളിക്കുന്നത് നമ്മുടെ ജീവിതത്തിലും ആധ്യാത്മിക പരിശീലനങ്ങളിലും തെളിഞ്ഞ് കാണണം.

യോഗയും ഉപനിഷത്തും പഠിക്കുന്ന ഒരു ക്രൈസ്തവൻ അതിലേക്ക് പോവുകയല്ല ചെയ്യേണ്ടത്. അങ്ങനെ മതം മാറി മനം മാറി പോകുമോ എന്ന് ഭയക്കുന്നതുകൊണ്ടാണ് യോഗയെ എല്ലാവരും ഭയപ്പെടുന്നത്. ക്രിസ്തുജീവിതത്തിന്റെ പഠനങ്ങളിൽ നിന്നും ഒരുവൻ വ്യതിചലിക്കാൻ പാടില്ല. ഇന്ന്, യോഗ ആത്മീയത സ്വന്തമാക്കി, നല്ല ക്രിസ്ത്യാനിയായി ജീവിക്കുന്ന ഒരുപാട് വ്യക്തികളുണ്ട്. അവർ നമ്മോട് ഇതൊന്നും പറയില്ല. പറയാത്തത് നമ്മൾ അവരെ എതിർക്കും എന്നുള്ളതുകൊണ്ടാണ്. അതിരാവിലെ ഉണർന്ന് ഭാര്യയും മക്കളും ഒരുമിച്ച് യോഗയും മെഡിറ്റേഷനും പരിശീലിക്കുകയും സാത്വികമായ ഭക്ഷണങ്ങൾ മാത്രം കഴിച്ച് ജീവിതത്തെ ഒരുപാട് നന്മയോടെ മുന്നേട്ട് നയിക്കുകയും ചെയ്യുന്ന നല്ല ക്രൈസ്തവ സാധകരുണ്ട് നമ്മുടെ സമൂഹത്തിൽ. ഒരു ക്രിസ്ത്യാനിയും സന്യാസ സാധകനുമായി ജീവിച്ചു മരിച്ച ബീഡ് ഗ്രിഫ്ത്തിനെ നാം മറക്കാൻ പാടില്ല. ഭാരതീയ ആത്മീയത ആഴത്തിൽ മനസ്സിലാക്കി ജീവിച്ച സന്യാസ ശ്രേഷ്ഠനാണ് ഗ്രിഫ്ത്ത്.

ഒരു ക്രൈസ്തവ സാധകൻ Mystical Life ലേക്ക് ഉയരുമ്പോഴാണ് അവൻ/അവൾ തന്റെ പാരമ്പര്യത്തോട് കൂടുതൽ സത്യസന്ധമായി കൂടിചേരുന്നത്. യോഗയും ക്രിസ്തീയതയും നമ്മെ പഠിപ്പിക്കുന്നത് ഒന്നാകലിന്റെ പാരമ്പര്യമാണ്. യോഗയിലൂടെ ക്രിസ്തുവിലേക്ക് ഉൾച്ചേരുന്ന അവസ്ഥയിലേക്ക് നാം വളരുകയാണ്. യോഗയും നമ്മെ പഠിപ്പിക്കുന്നത് മറ്റൊന്നല്ല. (Oneness with the Divine). ഈ രണ്ട് പാരമ്പര്യങ്ങളിൽ ഉറച്ചു നിന്നുകൊണ്ട്-ഇവയെ രണ്ടും (Yoga and Christianity) പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് നമുക്ക് ഈ ലോകത്തെ മനോഹരമാക്കാം. കാരണം ഈ രണ്ടു പാരമ്പര്യങ്ങളും പരസ്പരം പിന്തുണയ്ക്കുന്നു എന്നുള്ളതുകൊണ്ട് തന്നെ. വ്യക്തിയെ രൂപാന്തരപ്പെടുത്തുന്ന, മാറ്റത്തിന് വിധേയപ്പെടുത്തുന്ന ഒരു ശക്തി രണ്ടു പാരമ്പര്യങ്ങളിലു ഉണ്ട്. പ്രപഞ്ചത്തിലെ ഏറ്റവും ഉയർന്ന ആത്മീയ ശക്തികളിലൊന്നായി ഞാനിതിനെ കാണുന്നു. ക്രൈസ്തവ വിശ്വാസത്തെ ഭാരതത്തിന്റെ ആധ്യാത്മികതയോട് ചേർത്ത് വച്ച് ധ്യാനിക്കാനും മനസ്സിലാക്കാനും നമുക്ക് കഴിയണം. ഒരു വലിയ സൗഖ്യത്തിന്റെ ശക്തി ഇതിലുണ്ട്. ഇത് നമ്മുടെ ആത്മീയ വളർച്ചയെ ഏറെ സഹായിക്കും.

ക്രൈസ്തവ, ഹൈന്ദവ മതങ്ങൾ ഒന്നു ചേർന്നാൽ നമുക്ക് കിട്ടുന്നത് എന്താണ്? ക്രൈസ്തവ മതം കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് ബന്ധങ്ങൾക്കാണെങ്കിൽ, വ്യക്തിത്വത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കുന്നു ഹൈന്ദവമതം.

ലോകസമാധാനത്തിനം നന്മയ്ക്കം വേണ്ടി ഈ രണ്ട് മതങ്ങളെ ഒരുമിച്ച് ചേർത്തു മനസ്സിലാക്കുന്നതും പഠിക്കുന്നതും നല്ലതാണ്. യോഗയും ക്രൈസ്തവ ആത്മീയതയുമായി വളരെ സാമ്യമുണ്ട്. ഒരു സംതുലനാവസ്ഥയിൽ നമ്മുടെ ആത്മീയത കൊണ്ടു പോകാൻ നമ്മേക്കൊണ്ടാവുന്നില്ല. ഒരു ഞാങ്ങണയുടെ സ്വഭാവമാണ് നമുക്ക്. എന്നാൽ ക്രിസ്തു എത്രയോ കാർക്കശ്യത്തോടെയാണ് ഈ സ്വഭാവത്തിനെതിരെ പറയുന്നത് എന്നോർക്കുക? ''എന്തു കാണാനാണ് നിങ്ങൾ മരുഭൂമിയിലേക്ക് പോയത്? കാറ്റത്തുലയുന്ന ഞാങ്ങണയോ?''

ഉറപ്പുള്ളവനാക്കാൻ ക്രിസ്തു നമ്മെ നിർബന്ധിക്കുകയാണ്. ഈ ഉറപ്പുള്ള ആത്മീയതയിലേക്ക് മറ്റുള്ളവരെയും എളുപ്പത്തിൽ ആകർഷിക്കാൻ കഴിയും. യോഗ ഒരു മതമല്ല മറിച്ച് ഓരോരുത്തരും ഗൗരവമായിട്ട് കാണേണ്ട ആത്മീയ സാധനയാണ്. അയ്യായിരം വർഷം പഴക്കമുള്ള എന്തോ ഒന്നല്ല ഇത്. ഇന്നും ജീവിക്കുന്ന അനേകരെ ജീവിക്കാൻ പഠിപ്പിക്കുന്ന ആത്മീയ സാധനയാണിത്. യൂറോപ്പിലെ വൈദ്യശാസ്ത്രസമൂഹം ഇതിന്റെ ഗുണമേന്മ കൃത്യമായി തിരിച്ചറിഞ്ഞ് കഴിഞ്ഞു. അനേകർ യോഗയിലൂടെ അവരുടെ ആരോഗ്യവും ആത്മീയതയും കൃത്യതയിലേക്ക് കൊണ്ടുവരുന്നു. ഡോക്ടർമാർ പലരും രോഗികളോട്, അവരുടെ രോഗത്തിന് ഫലപ്രദമായ യോഗ പരിശീലിക്കാൻ നിർദ്ദേശിക്കുന്നു. കേരളത്തിലെ ജനങ്ങൾ ദരിദ്രരാകാൻ കാരണം ചികിത്സാ ചിലവാണെന്ന പത്രക്കുറിപ്പ് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്.

ചില ക്രിസ്ത്യാനികൾ യോഗയുടെ ആത്മീയതലം മനസ്സിലാക്കാതെ ശാരീരിക തലം മാത്രം ശ്രദ്ധിച്ച് ചെയ്യുന്നവരുമുണ്ട്. അവർക്ക് അധികം നിലനിൽക്കാൻ കഴിയില്ല. കുറച്ചുനാൾ തീവ്രതയോടെ ചെയ്യും. പിന്നെ എന്നെന്നേക്കുമായി അവസാനിപ്പിക്കും. ആത്മാർത്ഥമായി യോഗയെ സമീപിക്കുന്ന ക്രൈസ്തവരുടെ വിശ്വാസ അനുഭവവും വ്യക്തിപരമായ ആത്മീയ പരിശീലനവും ദൃഢമാകും.

കിഴക്കിന്റെ ആത്മീയത സ്വന്തമാക്കാൻ ക്രൈസ്തവർ യോഗയെ അറിയണം. ക്രൈസ്തവ ആധ്യാത്മികത കിഴക്കിന് മനസ്സിലാക്കിക്കൊടുക്കണമെങ്കിൽ യോഗയുടെ ആധ്യാത്മിക ആഴം ആദ്യം ക്രിസ്ത്യാനികൾ മനസ്സിലാക്കണം. ക്രിസ്ത്യാനി ഹിന്ദു ആകണമെന്നോ, ഹിന്ദു ക്രിസ്ത്യാനി ആകണമെന്നോ അല്ല ഞാനുദ്ദേശിച്ചത്. ഹിന്ദുക്കളും ക്രിസ്ത്യാനികളും തമ്മിലുള്ള മുറിവുകൾ ഉണങ്ങണം. മുറിവ് ഉണക്കാൻ കഴിഞ്ഞാൽ നമ്മുടെ ലോകം വലുതാകും.

ക്രൈസ്തവ വിശ്വാസത്തിൽ ആഴപ്പെട്ട് യോഗയോട് താത്പര്യം കാണിക്കുന്ന ഒരുപാട് പേരുണ്ട്. വ്യക്തികളിലാണ് മാറ്റം വരേണ്ടത്. മനോഭാവങ്ങളിലാണ് മാറ്റം വരേണ്ടത്. ഒരു ചരിത്ര സംഭവം കുറിക്കട്ടെ. 1930-കാലഘട്ടത്തിൽ ഡോ. ബി. ആർ അംബേദ്കർ തന്റെ അസ്പർശ്യരായ ഒന്നരക്കോടി അനുയായികളെ ഒരു പുതിയ മതത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിനെക്കുറിച്ച് ചിന്തിച്ചു. ദിവസങ്ങൾ കടന്നുപോയിട്ടും പുതിയ മതത്തിലേക്ക് മാറാൻ ആരും തയ്യാറായില്ല. റവ. സ്റ്റാൻലി റോസ് എന്ന മിഷനറി വൈദികൻ ചോദിച്ചു: എന്തുകൊണ്ടാണ് ഇവർ ക്രൈസ്തവ മതത്തിലേക്ക് ചേരാത്തത്?

ഗാന്ധിജിയുടെ മറുപടി ഇപ്രകാരമായിരുന്നു: നിങ്ങളുടെ മതത്തിന്റെ നന്മയും വീമ്പും പറയുന്നത് നിർത്തുന്ന ദിവസം, നിങ്ങൾ ഈ മതത്തിൽ ജീവിക്കുന്ന നിമിഷം ജനം ഈ മതത്തിൽ ചേർന്നു തുടങ്ങും. ബൈബിളിനെ അതിലെ ഗിരിപ്രഭാഷണത്തെ തന്റെ മതഗ്രന്ഥമായ ഭഗവത്ഗീതയെ പോലെ സ്നേഹിച്ച ഗാന്ധിജിയുടെ വാക്കുകളാണിത്.

ലേഖനം

കാലാവസ്ഥാ വ്യതിയാനവും സഭകളുടെ ധർമ്മവും.

പ്രൊഫ. (ഡോ.) കെ.പി. ജോയി

മനുഷ്യരാശി അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പരിസ്ഥിതി പ്രശ്നമായ ആഗോളതാപന (Global Warming) ത്തിന്റെ ഫലമായി ഉണ്ടാകന്ന പ്രത്യാഘാതമാണ് കാലാവസ്ഥാവ്യതിയാനം. ഇതിന്റെ ദൂരവ്യാപകമായ കെടുതികളെക്കുറിച്ചുള്ള അറിവ് ഇന്ന് സാമാന്യ ജ്ഞാനമാണ്. അമിതവ്യവസായ വൽക്കരണത്തിലൂടെയും വനനശീകരണത്തിലൂടെയും, ഉപഭോക്തൃ ജീവിതശൈലിയിലൂടെയും മനുഷ്യൻ സൃഷ്ടിക്കുന്ന അഞ്ചുതരം വാതകങ്ങൾ (Green House Gases) കാർബൺ-ഡയോക്സൈഡ്, മീതൈൻ, ക്ലോറോഫ്ളൂറോ കാർബൺ, നൈട്രജൻ ഓകസൈഡ്, ഓസോൺ എന്നിവയാണ് യഥാർത്ഥ കുറ്റവാളികൾ. ഇതിൽ പ്രധാനവില്ലനായ കാർബൺ സംയുക്തങ്ങളുടെ പങ്ക് 50 ശതമാനത്തിൽ അധികമാണ്. ഈ വാതകങ്ങളെല്ലാം കൂടി ഭൂമിക്കുചുറ്റും വലയം തീർക്കുന്നതിനാൽ സൂര്യനിൽ നിന്നും ഭൂമിയിൽ എത്തുന്ന കിരണങ്ങൾ പ്രതിഫലനം ചെയ്യുന്നതിനെ ഒരു ഗ്രീൻഹൗസിൽ എന്ന പോലെ തടഞ്ഞുനിർത്തുന്നു. തത്ഫലമായി ഭൂമിയുടെ ഉപരിതല അന്തരീക്ഷത്തിന്റെ ചൂട് കൂടുന്നു. ഭൂമി മെല്ലെ മെല്ലെ ഉരുകിക്കൊണ്ടിരിക്കുന്നു എന്നു പറഞ്ഞാൽ അതിശയോക്തിയില്ല. കൊടുംചൂടിൽ അന്റാർട്ടിക്, ആർട്ടിക് പ്രദേശങ്ങളിലെ മഞ്ഞുരുകി കടൽവെള്ളം നാലടിയോളം ഉയരും. ഫലമോ? ലോകത്തിലെ ഒട്ടുമിക്ക തീരപ്രദേശങ്ങളും, മാലിദ്വീപ് പോലുള്ള ദ്വീപസമൂഹങ്ങളും വെള്ളത്തിനടിയിലാകും. കരീബിയൻ ദ്വീപുകൾ, മാർഷൽ ദ്വീപുകൾ, പവിഴപ്പുറ്റുദ്വീപുകൾ ഇവയ്ക്കെല്ലാം ഇതേ അനുഭവമുണ്ടാകും. ബംഗ്ലാദേശിന്റെ നാലിലൊരുഭാഗം വെള്ളം കൊണ്ട് മൂടപ്പെടും. കേരളമുൾപ്പെടെയുള്ള തീരപ്രദേശങ്ങൾ പോലും ഭാഗിഗമായി ജലത്തിനടിയിലാകുമത്രേ. സ്വന്തം കാൽച്ചുവട്ടിൽ നിന്നും മണ്ണൊലിച്ചു പോകുന്നതിന്റെ ഫലമായുണ്ടാകുന്ന അഭയാർത്ഥി പ്രവാഹം അനുസ്യൂതം തുടരും. ഭൂമിയുടെ ഘടികാരത്തിന് ഭ്രാന്ത് വിതയ്ക്കുന്ന ഈ പ്രതിഭാസത്തിന് 'ഹരിതഗൃഹപ്രഭാവം' അഥവാ 'ഗ്രീൻ ഹൗസ് ഇഫക്ട്' എന്നു പറയുന്നു.

വ്യവസായവിപ്ലവത്തിന് മുമ്പ് അന്തരീക്ഷത്തിലെ കാർബൺ-ഡൈ-ഓക്സൈഡിന്റെ അളവ് 260 ppm (part per million) ആയിരുന്നത് 1990-കളുടെ മധ്യത്തിൽ ഏകദേശം 360 ppm ആയി. 2012 ആയപ്പോൾ അത് 387 ppm ആയിട്ടുണ്ട്. 2025 ആകുമ്പോൾ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് 400ppm ആകുമെന്നായിരുന്നു ചിന്തിച്ചിരുന്നത്. എന്നാൽ എല്ലാ കണക്കുകൂട്ടലുകളെയും തെറ്റിച്ചുകൊണ്ട് ചരിത്രത്തിലാദ്യമായി അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് 400ppm ആയിരിക്കുന്നു എന്ന ഞെട്ടിപ്പിക്കുന്ന വാർത്തയാണ് 2013 മെയ് 9 ന് പുറത്ത് വന്നിരിക്കുന്നത്. ഈ നൂറ്റാണ്ടിന്റെ അവസാനത്തിൽ അത് 500 ppm നു മുകളിലാകുമെന്നാണ് ഇപ്പോഴത്തെ കണക്കുകൂട്ടൽ. ഇതിനർത്ഥം കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കൂടുതൽ ഭീകരമായി ഉടൻ അനുഭവിക്കാൻ ഇടയാകും. മനുഷ്യരുൾപ്പെടെയുള്ള സാധാരണ ജീവികൾക്ക് ഈ പ്രതികൂല സാഹചര്യത്തിൽ ആരോഗ്യത്തോടെ പിടിച്ചുനിൽക്കാനാവില്ല അർമഗഥോൻ പടിവാതുക്കൽ നിൽക്കുന്ന സ്ഥിതിവിശേഷമാണിത്.

അന്തരീക്ഷത്തിലെ കാർബൺ-ഡൈ-ഓക്സൈഡിന്റെ അളവ് കൂടുന്നതിന്റെ ഫലമായുണ്ടാകുന്ന കാലാവസ്ഥാ പ്രതിസന്ധി ജീവന്റെ എല്ലാ രൂപങ്ങൾക്കുമേലും വെള്ളത്തിലൂടെയാണ് പ്രതിഫലിക്കുക. അതു വെള്ളപ്പൊക്കമായി, ചുഴലികൊടുങ്കാറ്റുകളായി, ചൂടുകാറ്റായി, വരൾച്ചയായി, മഞ്ഞുരുകലായി, സുനാമിയായി അങ്ങനെ പലതരത്തിൽ. കാർബൺ ഡയോക്സൈഡ് വഴിയുള്ള അന്തരീക്ഷ പൂരിതാവസ്ഥ നിയന്ത്രിക്കുകവഴിയേ ജലകോപത്തെ മെരുക്കാൻ പറ്റൂ. ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ ധാരാളം അന്താരാഷ്ട്ര ഉന്നതതല കോൺഫറൻസുകൾ കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ നടക്കുകയുണ്ടായി. ''മാറുന്ന അന്തരീക്ഷം'' എന്ന വിഷയത്തെ ആസ്പദമാക്കി 1998 മെയ്-ജൂൺ മാസത്തിൽ നടന്ന ആദ്യ സമ്മേളനത്തിൽ 50 രാജ്യങ്ങൾ പങ്കെടുത്തു. അന്തരീക്ഷമാറ്റത്തിൽ വ്യവസായിക ഇന്ധനത്തിന്റെ ഉപയോഗം ഉണ്ടാക്കുന്ന പ്രത്യാഘാതം എന്താണെന്നതായിരുന്നു സമ്മേളനത്തിലെ ചർച്ചാവിഷയം. ആ സമ്മേ

ളനം കാലാവസ്ഥാവ്യതിയാനത്തെ ക്കുറിച്ച് ഒരു അന്താരാഷ്ട്ര സർക്കാർ പാനൽ (Inter Governmental Panel on Climate Change-IPCC) വേണമെന്ന് തീരുമാനിച്ചു. ഇന്നതിൽ 2500-ൽപരം ശാസ്ത്രജ്ഞന്മാർ പ്രവർത്തിക്കുന്നു. ഇന്ത്യൻ വംശജനായ ആർ.കെ.പച്ചൗരിയാണ് അതിന്റെ ഡയറക്ടർ. 1992-ൽ ബ്രസീലിന്റെ തലസ്ഥാനമായ റിയോ-ഡി ജനീറോയിൽ ഒരു ഭൗമ ഉച്ചകോടി കൂടുകയുണ്ടായി. 132 രാഷ്ട്രത്തലവന്മാർ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ഒരു കൺവൻഷന്റെ രൂപരേഖ അംഗീകരിച്ചു. അതനുസരിച്ച് എല്ലാ രാജ്യങ്ങൾക്കുമിടയിൽ വർദ്ധിക്കുന്ന കാലാവസ്ഥ മാറ്റത്തോട് എങ്ങനെ പ്രതികരിക്കണമെന്ന പൊതുധാരണ വളർത്താൻ തീരുമാനിച്ചു. 160-ൽ ഏറെ രാജ്യങ്ങൾ ഈ കൺവൻഷനെ നിയമപരമായി അംഗീകരിച്ചു. 1997-ൽ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച കൺവൻഷൻ ക്യോട്ടേ (ജപ്പാൻ) യിൽ ചേർന്ന് ഗ്രീൻഹൗസ് വാതകം വിസ്സർജ്ജിക്കുന്നതു കുറച്ചു കൊണ്ട് വരുന്നതിനെക്കുറിച്ച് സമയബന്ധിത പരിപാടികൾക്ക് രൂപം നൽകി. മറ്റേതു രാഷ്ട്രങ്ങളെക്കാളുമധികം ലോകത്തെ ഹരിതഗൃഹ വാതകങ്ങളുടെ മുപ്പതു ശതമാനത്തിലധികം പുറന്തള്ളുന്ന അമേരിക്ക അതുകൊണ്ടുതന്നെ വിട്ടുനിന്നു. ഗ്രീൻ ഹൗസ് വാതകങ്ങളെ നിയന്ത്രിച്ചാൽ അത് അമേരിക്കയുടെ വ്യവസായ ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കുമെന്നും, അതുവഴി "അമേരിക്കൻ ലൈഫ് സ്റ്റൈയിലി" നെയും ദോഷകരമായി ബാധിക്കുമെന്നാണ് ക്രിസ്ത്യാനികൂടിയായ ജോർജ്ജ് ബുഷ് അന്ന് പ്രഖ്യാപിച്ചത്. അമേരിക്ക തന്നെ ആഗോളതാപനത്തിന്റെ ഏറ്റവും വലിയ ഭീഷണി നേരിട്ടു കൊണ്ടിരിക്കുകയാണെന്നതാണ് ഇതിലെ രസകരമായ വസ്തുത. സമുദ്രതാപ വർദ്ധനയും, മഞ്ഞുരുക്കവും നിമിത്തം അവരുടെ "എൺവയൺമെന്റ് ഏജൻസി" യുടെ കണക്കനുസരിച്ച് കടൽനിരപ്പ് രണ്ടടി ഉയരുക വഴി അമേരിക്കയിലെ ചതുപ്പുനിലങ്ങളുടെ 17 മുതൽ 43 ശതമാനം വരെ തുടച്ചുനീക്കപ്പെടുമെന്നാണ് അറിവായിട്ടുള്ളത്.

"കാലാവസ്ഥാ വ്യതിയാനം 2011" എന്ന റിപ്പോർട്ട് പിന്നീട് പുറത്തുവന്നത് ആയിരത്തിലേറെ ശാസ്ത്രജ്ഞന്മാർ നടത്തിയ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ്. ഭൂമിയുടെ താപം വർദ്ധിച്ചുകഴിഞ്ഞിരിക്കുന്നുവെന്നും അത് ഈ നൂറ്റാണ്ടിന്റെ അന്ത്യമാവുമ്പോഴും 5.8.ഡിഗ്രി സെൽഷ്യസായി വർദ്ധിക്കുമെന്നുമാണ് ഐ.പി.സി.സി. യുടെ നിഗമനം. തത്ഫലമായി വൻതോതിൽ ഹിമശേഖരങ്ങളിലെ മഞ്ഞ് ഉയരുകയും വിളനാശം, ജലക്ഷാമം, രോഗങ്ങളുടെ വർദ്ധന, വെള്ളപ്പൊക്കം, വരൾച്ച, ഉരുൾ പൊട്ടൽ, ചുഴലിക്കാറ്റ് എന്നിവ ഉണ്ടാവുകയും ചെയ്യുന്നു. ഇത്തരം വ്യതിയാനങ്ങളുടെ തിക്തഫലം അനുഭവിക്കുന്നതാകട്ടെ ഇതിനു കാരണക്കാരായ വൻവ്യവസായ രാഷ്ട്രങ്ങളേക്കാൾ ഒട്ടും ഉത്തരവാദികളല്ലാത്ത തീരദേശ സമൂഹങ്ങൾ, ചെറു ദ്വീപുനിവാസികൾ, കർഷകർ, ഇടയസമൂഹങ്ങൾ എന്നിവയാണെന്നതാണ് ശ്രദ്ധേയം. കടൽ ജലവിതാനമുയർന്നാൽ ഒരു വേള ഭൂപടത്തിൽനിന്ന് നാമാവശേഷമാകാനിടയുള്ള 51-ഓളം ചെറിയ ദ്വീപ് രാഷ്ട്രങ്ങൾ (Small Island States)ഒരു ഐക്യം സ്വയം സംഘടിപ്പിച്ചു. അതിൽ തന്നെ ഏഷ്യാ-പസഫിക്കിലുള്ള രണ്ട് ചെറുദ്വീപുകൾ (അബനൂവ, ട്യൂവാലൂ) കടൽ ജല വിതാനം ഇയർന്നതിന്റെ ഫലമായി അപ്രത്യക്ഷമായിക്കഴിഞ്ഞു. അബനുവ ദ്വീപിന്റെ പ്രാദേശിക ഭാഷയിലെ അർത്ഥം "എന്നെന്നും നിലനിൽക്കുന്നത് " എന്നതാണ് വിരോധാഭാസം.

മാലിദ്വീപുകളുടെ ഭാവിയും മറിച്ചാവില്ല എന്നവർ ഭയപ്പെടുന്നു. വ്യവസായലോകം പുറന്തള്ളുന്ന കാർബൺ-ഡൈ-ഓക്സൈഡിന്റെ അനുപാതം നിർബന്ധമായും കുറയ്ക്കണമെന്നതായിരുന്നു അവരുടെ ആവശ്യം. ഇമ്മാതിരി കാര്യങ്ങളെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യാൻ 2012 ജൂൺ മാസത്തിൽ റിയോഡിജനീറോയിൽ ലോകരാഷ്ട്രത്തലവന്മാർ Rio+20 എന്ന പേരിൽ ഒരു ഉച്ചകോടി കൂടുകയുണ്ടായി. പക്ഷേ കാര്യമായ ഫലമുണ്ടായില്ല.

അങ്ങനെ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ഉൽകണ്ഠകളും അതിനെതിരെ ലോകവ്യാപകമായ എതിർപ്പുകളും അംഗികരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഹരിതഗൃഹ വാതകങ്ങൾ കുറയ്ക്കണമെന്ന കാര്യത്തിൽ സഭകൾ എന്തു പ്രവർത്തനമാണ് ചെയ്തിട്ടുള്ളത്.?

"അവൻ കൊടുങ്കാറ്റ് അടിപ്പിച്ചു. അതു തിരകളെ പൊങ്ങുമാറാക്കി. അവർ ആകാശത്തിലേക്ക് ഉയർന്നു. വീണ്ടും ആഴത്തിലേക്ക് താഴ്ന്നു. അവരുടെ പ്രാണൻ കഷ്ടത്താൽ ഉരുകിപ്പോയി." (സങ്കീ. 107 :25,26). പ്രകൃതിയോട് നാം ചെയ്ത പാപത്തിന്റെ ഫലമാണ് കാലാവസ്ഥാവ്യതിയാനം എന്നതിന് ആധാരമായ ധാരാളം സൂചനകളും വേദപുസ്തകത്തിലുണ്ട്. വഴിയോരങ്ങളിൽ മാലിന്യങ്ങൾ കുന്നുകൂടുന്നതും, വനനശീകരണം നടത്തി ജൈവവൈവിധ്യത്തെയും, കാലാവസ്ഥയേയും ദ്രോഹിക്കുന്നതും, മലിനീകരണം കൊണ്ട്

വായുവിനെയും വെള്ളത്തെയും ദുഷിപ്പിക്കുന്നതും സൃഷ്ടിയോട് നാം ചെയ്ത പാപത്തിന്റെ ഫല മാണ്. ദൈവം കാലാവസ്ഥയെ ദുഷ്ടന്മാർക്കും പാപികൾക്കും ഒരു പ്രതിസന്ധി സൃഷ്ടിക്കാൻ ഉപ യോഗിക്കുന്നതായും നാം സങ്കീർ ത്തനത്തിൽ വായിക്കുന്നു. (സങ്കീ. 18:7-15) സകല ജഡവും അതിക്രമം കൊണ്ട് നിറഞ്ഞതിനാലാണ് ദൈവം നാല്പത് രാവും, നാല്പത് പകലും മഴപെയ്യിച്ച് പ്രതികരിച്ചത്. ഭൂമിയെ നശിപ്പിക്കുന്നവരെ ദൈ വം നശിപ്പിക്കുമെന്ന് വെളിപാട് പുസ്തകം സമർത്ഥിക്കുന്നു. യ ഹോവ സോദോമിന്റെയും, ഗൊമാ റയുടെയും മേൽ ആകാശത്തു നിന്നും തീയും, ഗന്ധകവും വർഷി ച്ച് കാലാവസ്ഥാ വ്യതിയാനത്തി ലൂടെ ആ പ്രദേശം മുഴുവനും അ വിടത്തെ നിവാസികൾക്കും സസ്യ ങ്ങൾക്കും ഉന്മൂലനാശം വരുത്തി യതും അവരുടെ പാപത്തിനുള്ള ദൈവശിക്ഷ്യയായിരുന്നു. (ഉൽപ ത്തി. 19:24-25)

ചില സന്ദർഭങ്ങളിൽ കാലാ വസ്ഥാവ്യതിയാനം നേരിൽ അനു ഭവിപ്പിച്ചപ്പോൾ മാത്രമാണ് ജനങ്ങ ളുടെ ചിന്താരീതിക്കും മനോഭാവ ത്തിനും മാറ്റം വരുത്താൻ ദൈവ ത്തിനു കഴിഞ്ഞത്. കുരിശുമരണ സമയത്ത് ഭൂകമ്പം മുതലായവ സംഭവിച്ചപ്പോൾ (മത്താ. 27:54) മാത്രമാണ് യേശു ദൈവപുത്രനാ ണെന്ന സത്യം ശതാധിപനും അ വനോടുകൂടെ ഉണ്ടായിരുന്നവരും മനസ്സിലാക്കിയത്. കാലാവസ്ഥയു ടെ തീവ്രത നേരിട്ടനുഭവിച്ചപ്പോൾ ജനം ദൈവത്തെ ഭയന്ന് വിറച്ച തായി എസ്രാ(10:9) രേഖപ്പെടുത്തു ന്നു. മഴ പെയ്യാനും പെയ്യാതിരി ക്കാനും, ഏലിയാവ് പ്രാർത്ഥിച്ച പ്പോൾ ദൈവം കേട്ടു. (യാക്കോബ് 5:17-18) ഫറവോന്റെ കഠിന ഹൃദ യത്തിനെതിരെ ദൈവം പ്രതികരി ച്ചത് അതികഠിനമായ ''കൽമഴ'' പെയ്യിച്ചായിരുന്നു. (പുറപ്പാട് 9:18-19)

ദൈവത്തിനെതിരായ പാപ ത്തെ അവൻ ക്ഷമിച്ചേക്കും. പക്ഷേ സൃഷ്ടിയോടും പരിസ്ഥിതിയോ ടും ചെയ്യുന്ന പാപങ്ങൾ ക്ഷമയുടെ ഏത് അതിർ വരമ്പിലാണെന്ന് നമു ക്കറിഞ്ഞുകൂടാ. ''നമുക്ക് ഗ്രഹിച്ചു കൂടാത്ത മഹാകാര്യങ്ങളെ ദൈവം ചെയ്യുന്നു. അവൻ ഹിമത്തോട് ഭൂമി യിൽ പെയ്യുകയെന്നു കൽപിക്കു ന്നു. അവൻ മഴയോടും വമ്പിച്ച പെരുമഴയോടും കൽപിക്കുന്നു. വെ ള്ളങ്ങളുടെ വിശാലത ഉറച്ചുപോ കുന്നു. അവൻ കാർമേഘത്തം ഊറ്റം കൊണ്ട് കനപ്പിക്കുന്നു. തന്റെ മുന്നിലുള്ള മിന്നലുകളെ പര ത്തുന്നു. ശിക്ഷയ്ക്കായിട്ടോ, ദേശ ത്തിന്റെ നന്മയ്ക്കായിട്ടോ അവൻ അതു വരുത്തുന്നു.'' (ഇയ്യോബ് 37:5-13) പ്രവാചകൻ ഹഗ്ഗായി വരൾച്ചയെ ജനങ്ങൾക്കുമേലുള്ള ദൈവത്തിന്റെ നീതി നിർവ്വഹണ മായി ചിത്രീകരിക്കുന്നു. ഞാൻ ദേശത്തിന്മേലും, മലകളിന്മേലും, മനുഷ്യരുടെയും, മൃഗങ്ങളുടെമേ ലും, കൈകളുടെ സകല പ്രവൃത്തി മേലും വരുതിയെ വിളിച്ചുവരുത്തി യിരിക്കുന്നു. (ഹഗ്ഗായി 1:11) വിഷ മഞ്ഞും കൽമഴയും കൊണ്ട് ദൈ വം ഇസ്രായേലിനെ ദണ്ഡിപ്പിച്ച കാലത്തെക്കുറിച്ചും ഹഗ്ഗായി സൂചി പ്പിക്കുന്നു. (2:17) ആമോസ് പ്രവാ ചകനും കാലാവസ്ഥാവ്യതിയാനം ദൈവത്തിന്റെ ഇടപെടലിനെയാണ് സമർത്ഥിക്കുന്നത് (8:8) എന്ന് സൂചിപ്പിക്കുന്നു.

1999-ൽ ഒഡീഷയിൽ വൻ നാശം വിതച്ച് ചുഴലിക്കാറ്റിനെക്കു റിച്ചും 2004-ൽ തമിഴ്നാട്ടിലെ നാഗ പട്ടണത്ത് അരങ്ങേറിയ സുനാമി യെക്കുറിച്ചും, 2014 സെപ്തംബറിൽ കാശ്മീരിൽ ഉണ്ടായ കൊടുങ്കാറ്റി നെയും വെള്ളപ്പൊക്കത്തേക്കുറി ച്ചും ഓർമ്മയുണ്ടായിരിക്കും. 1996-ൽ ഏറ്റവും ഭീകരമായ ചുഴലി ക്കാറ്റിൽ ആന്ധ്രായിൽ ഒരായിരം പേരാണ് കൊല്ലപ്പെട്ടത്. ഇതൊ ക്കെ കേവലമായ ഒരു പ്രകൃതി ദുര ന്തമായിരുന്നില്ല എന്നാണ് വിദ ഗ്ദ്ധാഭിപ്രായം. കാലാവസ്ഥാവ്യതി യാനം, വ്യവസായവൽക്കരണം, വനനശീകരണം എന്നിവയുടെ കൂട്ടായ പ്രത്യാഘാതം കെട്ടഴിച്ചു വിട്ട മനുഷ്യനിർമ്മിതമായ ഒരു പാരിസ്ഥിതിക പ്രതിസന്ധിയായി രുന്നു അത്. കാലാവസ്ഥാ വ്യതി യാനം അന്തരീക്ഷദ്രവീകരണത്തി ന് കാരണമായി. മുൻകാല കൊടു ങ്കാറ്റുകളുടെ വേഗത മണിക്കൂറിൽ 73 കിലോമീറ്റർ ആയിരുന്നെങ്കിൽ 1999-ൽ ഒഡീഷയിൽ അത് മണി ക്കൂറിൽ 260 കിലോമീറ്റർ ആയി വർദ്ധിച്ചു. അത്തരം കാലാവസ്ഥാ വ്യതിയാനങ്ങളും അതുമൂലമുണ്ടാ കുന്ന കടൽ നിരപ്പിന്റെ ഉയർച്ചയും, കൊടുങ്കാറ്റിന്റെ പ്രവർത്തനത്തെ വഷളാക്കുന്ന. കടൽ നിരപ്പുയരു ന്നതുമൂലം താഴ്ന്ന പ്രദേശങ്ങളിൽ കടൽ കയറുന്നത് ഭീഷണിയാകു ന്നു. തത്ഫലമായി ചതുപ്പു നില ങ്ങൾ നശിക്കുകയും കടലും, കര യും തമ്മിലുള്ള അകലം ഇല്ലാതാ വുകയും അത് തീരപ്രദേശത്തെ വെള്ളപ്പൊക്കത്തിനു കാരണമാവു കയും ചെയ്യുന്നു.

ഒഡീഷയിൽ നടന്നത് ഒറ്റ പ്പെട്ട സംഭവമാണെന്നും, അത്തരം ഒരു ദുരന്തം കേരളത്തിലുണ്ടാവാൻ സാധ്യതയില്ലെന്നുമാണ് പലരു ടെയും ധാരണ. ആഗോള ഉഷ്ണീ കരണത്തിന്റെ ഫലമായുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനത്തിന്റെ തിക്തഫലങ്ങൾ ഇൻഡ്യൻ സം സ്ഥാനങ്ങളിൽ ഏറ്റവും ആദ്യം അനുഭവിക്കേണ്ടിവരുന്നത് കേരള മായിരിക്കുമെന്ന് ഐക്യരാഷ്ട്രസം

ലേഖനം

സത്യം നിങ്ങളെ സ്വതന്ത്രരാക്കും

ഫാ. ഡൊമിനിക്ക് ഇമ്മാനുവേൽ

കുട്ടികളുടെ പെരുമാറ്റരീതികൾ നിരീക്ഷിക്കുമ്പോൾ എനിക്ക് അവരുടെ വേഗത്തിലുള്ള പഠനശേഷിയെക്കുറിച്ച് അത്ഭുതം തോന്നാറുണ്ട്. എന്നാൽ ചില അവസരങ്ങളിൽ അവരുടെ നുണ പറയാനുള്ള കഴിവിൽ ഞാൻ അതിശയിക്കാറുമുണ്ട്. അതു സംബന്ധിച്ച് മനശാസ്ത്രജ്ഞന്മാർ പറയുന്നത്, തെറ്റു ചെയ്യുക എന്നത് ഒരു കുട്ടിയുടെ പഠനക്രിയയുടെ അവിഭാജ്യ ഘടകമാണ്; മാതാപിതാക്കൾ ശരിയായ മാതൃകയിലൂടെ അത് തിരുത്തി നല്ലത് അഭ്യസിപ്പിക്കുകയാണ് വേണ്ടത്; എന്നൊക്കെയാണ്. സ്കൂളിലെ പഠനം ആരംഭിക്കുന്നതിനു മുൻപ് കുട്ടികൾ ആദ്യമായി നുണ പറയുമ്പോൾ അവർ അവരുടെ ഒരു പുതിയ കഴിവ് പരീക്ഷിച്ചു നോക്കുകയാണ് എന്നാണ് മോൺട്രിയൽ സർവ്വകലാശാലയിലെ വ്യക്തിത്വവികസന മനശാസ്ത്രജ്ഞൻ പ്രൊഫസർ വിക്ടോറിയ ടാൽവാർ പറയുന്നത്. കുട്ടികളിലെ നുണ പറച്ചിൽ വാസനയെക്കുറിച്ച് വ്യാപകമായ ഗവേഷണം നടത്തിയിട്ടുള്ള ആളാണ് അദ്ദേഹം.

തെറ്റായ ഒരു വിശ്വാസമൊ, ധാരണയോ മറ്റുള്ളവരിൽ ജനിപ്പിക്കണമെന്ന ലക്ഷ്യത്തോടെയുള്ള ഭാഷണമാണ് നുണ പറയൽ. ഒരു പക്ഷേ ഏതെങ്കിലുമൊക്കെ അവസരങ്ങളിൽ എല്ലാവരും തന്നെ നുണപറയാറുണ്ടെന്നുള്ളത് ശരിയാണെങ്കിലും അത് എത്രമാത്രം വിനാശകരമാകാം എന്ന് തിരിച്ചറിയുന്നവർ ചുരുക്കമാണ്. കുട്ടികളായാലും മുതിർന്നവരായാലും നമുക്കെല്ലാവർക്കുമറിയാം സത്യമോ കള്ളമോ പറയുന്നതിന്റെയും, വിശ്വസ്തനോ അവിശ്വസ്തനോ ആയിരിക്കുന്നതിന്റെയും, ശരിയോ തെറ്റോ ചെയ്യുന്നതിന്റെയും വ്യത്യാസം. ജോർജ്ജ് വാഷിംഗ്ടണിന്റെയും മഹാത്മാഗാന്ധിയുടെയുമൊക്കെ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ച് ഏതൊരു സാഹചര്യത്തിലും സത്യമേ പറയാവൂ എന്നും നുണ പറയൽ ഒഴിവാക്കണമെന്നും അറിവുള്ളവർ നമുക്ക് പറഞ്ഞുതന്നിട്ടുള്ളതാണ്.

മനുഷ്യർ കള്ളം പറയുന്നത് ഭയം മൂലമോ അല്ലെങ്കിൽ സാമ്പത്തികമോ, സാമൂഹികമോ ആയ നേട്ടം കൈവരത്തക്കവിധം അവസരത്തെ അനുകൂലമാക്കുന്നതിനുള്ള

ഘടനയുടെ ജനറൽ അസംബ്ലിയുടെ പുതിയ നൂറ്റാണ്ടിലെ പ്രതിസന്ധികളെക്കുറിച്ചുള്ള സ്പെഷ്യൽ അഡ്വൈസർ ഡോ.റെഗ്മി മേയറുടെ അഭിപ്രായം. അദ്ദേഹം 1999-ൽ കേരളത്തിൽ വന്നപ്പോൾ ചെയ്ത ഒരു പ്രസ്താവന ശ്രദ്ധിക്കുക. സംസ്ഥാനത്തിന്റെ മുഴുവൻ തീരപ്രദേശങ്ങളും അടുത്ത 25 വർഷത്തിനുള്ളിൽ 4-5 അടി കടൽജലം കൊണ്ട് മൂടപ്പെടാനുള്ള സാദ്ധ്യത വളരെക്കൂടുതലാണ്. മൂന്നു സമുദ്രങ്ങളാൽ ചുറ്റപ്പെട്ടതും, വടക്കുകിഴക്കായി ചെരിഞ്ഞു കിടക്കുന്ന ഒരു ഇടുങ്ങിയ പ്രദേശമെന്നതുകൊണ്ടും കേരളത്തിന്റെ 40 ശതമാനം ജനങ്ങളും തീരപ്രദേശത്താണ് താമസിക്കുന്നത് എന്നതുകൊണ്ടും ഇത്തരം ഒരു സ്ഥിതിവിശേഷം വിതക്കുന്ന ദുരന്തം ഭീകരമായിരിക്കും. കടൽവെള്ളം ഉൾനാടൻ ജലാശയങ്ങളിലേക്ക് ഊർന്നിറങ്ങുന്നതിന്റെ ഫലമായി കുടിവെള്ള സ്രോതസ്സുകൾ ഉപ്പുരസമുള്ളതായി തീരും. അങ്ങനെ കുടിവെള്ളമെന്നത് ഒരു അപൂർവ്വ വസ്തുവായി മാറും. പുതിയ ഇനം പകർച്ചവ്യാധികൾ കടന്നുകയറുകയും, പഴയവ (മലേറിയ, ക്ഷയം മുതലായവ) പൂർവ്വാധികം ശക്തിയോടെ തിരിച്ചുവരുകയും ചെയ്യും. 2012 ജൂലൈയിൽ 120 സ്ഥാപനങ്ങളിൽ നിന്നായി 220 ശാസ്ത്രജ്ഞന്മാർ ചേർന്ന് യു.എൻ.പി.-യ്ക്ക് (United Nationas Environment Programme) സമർപ്പിച്ച് ഒരു റിപ്പോർട്ടിൽ കടൽ ജലവിതാനം ഉയർന്നാൽ കേരളത്തിലെ തീരപ്രദേശങ്ങൾ തുടച്ചുമാറ്റപ്പെടുമെന്ന് ഡോക്ടർ റെഗ്മി മേയറുടെ അഭിപ്രായത്തെ അടിവരയിട്ട് സമർപ്പിക്കുന്നു.

കാര്യവിവരമുള്ള ശാസ്ത്രജ്ഞന്മാർ നൽകുന്ന മുന്നറിയിപ്പുകളെ എന്തുകൊണ്ടാണ് സഭയും സമൂഹവും ഗൗരവമായിക്കാണാത്തത്? ആഗോളതാപനത്തിനാധാരമായ വികസനവും ജീവിതശൈലിയും ഇന്നത്തെ തലമുറയ്ക്കു മാത്രമായി ചുരുക്കുന്നു എന്നതാണ് പ്രധാന കാരണം. വരും തലമുറയ്ക്കു മാത്രമായി ചുരുക്കുന്നു എന്നതാണ് പ്രധാന കാരണം. വരുംതലമുറയുടെ ആരോഗ്യത്തെയും നിലനിൽപിനെയും പൂർണ്ണമായി വിസ്മരിക്കുന്നു. കാർബൺ-ഡൈ-ഓക്സൈഡിനെ ആഗീകരണം ചെയ്യുന്നതിൽ മരങ്ങൾ പ്രധാന പങ്കുവഹിക്കുമെങ്കിലും മരം വച്ചുപിടിപ്പിക്കൽ മാത്രമല്ല പരിസ്ഥിതിപ്രവർത്തനം. കാർബൺ ഉൽപാദിപ്പിക്കുന്ന ജീവിതശൈലിയിൽ നിന്നും ഒഴിഞ്ഞു നിൽക്കാനുള്ള ആഹ്വാനമാണ് അടിയന്തരമായി ചെയ്യേണ്ടത്.

(തുടരും)

RNI No. KERMAL/2012/46014 Date of Publication 15-7-2019 Licence No. KL/CR/ALU/WPP-02/2019-21
Registered. Reg. No. KL/ALY/0067/2019-2021 Price Rs. 10/- Licensed to Post Without Pre-payment

ശ്രമമെന്ന നിലയിലൊ ആണ്. ഏതു കാരണം കൊണ്ടായാലും മന:ശാസ്ത്രജ്ഞർ നിർബന്ധിത നുണയർ (compulsive liars) എന്നു വിളിക്കുന്ന വിഭാഗം ഒഴികെ മറ്റുള്ളവർ തങ്ങളുടെ നുണ പറയലിൽ സന്തോഷിക്കുന്നവരോ മന:സ്വസ്തതയുള്ളവരോ ആയിരിക്കുകയില്ല. നാം ഒരിക്കലും കള്ളം പറയരുതെന്നും ഒരു കള്ളം പറഞ്ഞുപോയാൽ അതിനെ സ്ഥാപിക്കാനുള്ള ശ്രമത്തിൽ അനവധി നുണകൾ കൂട്ടിച്ചേർക്കേണ്ടിവരുമെന്നും നമ്മുടെ മാതാപിതാക്കൾ നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. വി.വേദപുസ്തകത്തിലെ സുഭാഷിതങ്ങളിൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. ''ദൈവം വെറുക്കുന്ന ആറു സംഗതികളുണ്ട്; ഏഴു കാര്യങ്ങൾ അവിടത്തേക്ക് വിദ്വേഷകരമാണ്. ദ്വേഷം സ്ഫുരിക്കുന്ന കണ്ണുകൾ, കള്ളം പറയുന്ന നാവ്, നിഷ്കളങ്ക രക്തം ചൊരിയുന്ന കൈകൾ, വികട പദ്ധതികൾക്ക് രൂപം നൽകുന്ന ഹൃദയം, തിന്മയിലേക്ക് ശീഘ്രം എത്തിക്കുന്ന പാദങ്ങൾ, നുണ ചൊരിയുന്ന കള്ള സാക്ഷ്യം, സമൂഹത്തിൽ ഭിന്നത ഇളക്കിവിടുന്ന മനുഷ്യൻ.'' വീണ്ടും ലേവ്യ:പുസ്തകം പറയുന്നു, ''മോഷ്ടിക്കരുത്, തെറ്റായി കുറ്റാരോപണം ചെയ്യരുത്, പരസ്പരം നുണ പറയരുത്.'' ഇത്തരം നിർദ്ദേശങ്ങൾ മോശയ്ക്ക് സീനായ് മലയിൽ വച്ച് നൽകപ്പെട്ട പത്തു കൽപനകളിലും ഉള്ളതായി പുറപ്പാട് പുസ്തകം വ്യക്തമാക്കുന്നു.

യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ ശക്തമായി താക്കീത് ചെയ്യുന്നു. ഞാൻ നിങ്ങളോടു പറയുന്നു നിങ്ങൾ സ്വർഗ്ഗത്തെപ്രതിയൊ, ദൈവ സിംഹാസനത്തെപ്രതിയൊ, ദൈവത്തിന്റെ പാദപീഠമായ ഭൂമിയെ പ്രതിയോ ആണയിടരുത്. അതുപോലെ തന്നെ സ്വന്തം തലയെപ്രതിയും ആണയിടരുത് കാരണം അതിലെ ഒരു മുടിയിഴപോലും വെളുപ്പിക്കുന്നതിനൊ, കറുപ്പിക്കുന്നതിനൊ നിങ്ങൾക്കു സാധ്യമല്ല. നിങ്ങളുടെ 'അതേ' (Yes) അതേ (Yes) തന്നെ ആയിരിക്കട്ടെ. നിങ്ങളുടെ 'അല്ല '(No) അല്ല (No) തന്നെയും ആയിരിക്കട്ടെ. ഇതിനു വിപരീതമായിട്ടല്ലാതെ തിന്മപെട്ടവനിൽ നിന്ന് ഒന്നും സംഭവിക്കുകയില്ല.

മനുഷ്യർ എന്ന നിലയിൽ നാം ജീവിക്കുന്നത് മറ്റുള്ളവർ മാത്രമേ തിരുത്തേണ്ടതായിട്ടുള്ളൂ എന്ന മിഥ്യാഭാവത്തിലാണ്. നുണപറയൽ ഉൾപ്പെടെയുള്ള നമ്മുടെ കുറവുകളെക്കുറിച്ച് നാം ബോധമുള്ളവർ ആയിരിക്കാത്ത പക്ഷം നമുക്ക് ആത്മീയ മാർഗ്ഗത്തിൽ മുന്നേറുക സാധ്യമല്ല. അതുകൊണ്ടാണ് യേശു പറയുന്നത് സത്യം നിങ്ങളെ സ്വതന്ത്രരാക്കുമെന്ന്.

ഭദ്രാസന വൈദികസമ്മേളനം

മൂവാറ്റുപുഴ: കണ്ടനാട് ഈസ്റ്റ് ഭദ്രാസന വൈദിക സമ്മേളനം 2019 ജൂലൈ 9 ന് മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രലിൽ അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്തയുടെ അദ്ധ്യക്ഷതയിൽ നടന്നു. മലങ്കര കത്തോലിക്കാ സഭയുടെ മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ തെയോഡോഷ്യസ് സമ്മേളനം ഉദ്ഘാടനം ചെയ്തു മുഖ്യസന്ദേശം നൽകി.

വൈദികസംഘം സെക്രട്ടറി റവ. ഫാ.ജോൺ വി. ജോൺ സ്ഥാനമൊഴിഞ്ഞതിനെത്തുടർന്ന് പുതിയ സെക്രട്ടറിയായി റവ.ഫാ.ജോയി തോമസിനെ തെരഞ്ഞെടുത്തു. ഭദ്രാസന സെക്രട്ടറി റവ.ഫാ.എബ്രാഹം കാരാമേൽ സ്ഥാനമൊഴിഞ്ഞ സെക്രട്ടറിക്ക് നന്ദി അറിയിച്ചും പുതിയ സെക്രട്ടറിക്ക് സ്വാഗതം ആശംസിച്ചും സംസാരിച്ചു. തുടർന്ന് റവ. ഫാ.ജോൺ വി.ജോൺ മറുപടി പ്രസംഗം നടത്തി. സമ്മേളനം 12 മണിക്ക് പ്രാർത്ഥനയോടെ സമാപിച്ചു.

ആത്മീയപ്രസ്ഥാനങ്ങൾക്ക് പുതിയ നേതൃത്വം

മൂവാറ്റുപുഴ: കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽ എല്ലാ ആത്മീയ പ്രസ്ഥാനങ്ങൾക്കും വൈസ് പ്രസിഡണ്ടുമാരെ നിയമിച്ചുകൊണ്ട് ഇടവക മെത്രാപ്പോലീത്തയുടെ കല്പനയായി.

വൈദികസംഘം സെക്രട്ടറി-റവ.ഫാ. ജോയി തോമസ്. ശുശ്രൂഷകസംഘം വൈസ് പ്രസിഡണ്ട്-റവ. ഫാ. മാത്യൂസ് കാഞ്ഞിരംപാറ. പ്രാർത്ഥനായോഗം വൈസ് പ്രസിഡണ്ട്-റവ. ഫാ. ഗീവർഗ്ഗീസ് ജോൺ വള്ളിക്കാട്ടിൽ. വനിതാസമാജം വൈസ് പ്രസിഡണ്ട്-റവ. ഫാ. മേരിദാസ് സ്റ്റീഫൻ. യുവജന പ്രസ്ഥാനം, എം.ജി.ഒ.സി.എസ്സ്.എം. വൈസ് പ്രസിഡണ്ട്-റവ.ഫാ. സിബി മാത്യു വർഗ്ഗീസ്. ദിവ്യബോധനം വൈസ് പ്രസിഡണ്ട്-റവ. ഫാ. ബാബു എബ്രഹാം. ബാലിക-ബാലസമാജം വൈസ് പ്രസിഡണ്ട്-റവ.ഫാ. കുര്യാക്കോസ് തോമസ്. ഓർത്തഡോക്സ് തിയോളജിക്കൽ ഫോറം സെക്രട്ടറി-റവ. ഫാ. അജീഷ് ബാബു.

ബുള്ളറ്റിൻ
വരിസംഖ്യ നിരക്ക്

1 വർഷത്തേക്ക്	-	100 രൂ.
ആയുഷ്ക്കാലം	-	1000 രൂ.
വിദേശത്ത്	-	6000 രൂ.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha